


# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 35 ലക്കം ഡിസംബർ 2016 വാർഷിക വരിസംഖ്യ 100

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

# പിതൃമൊഴി



ദൈവദാസൻ
ബിഷപ് വില്യം ജക്വീന്താ


കർത്താവേ വിശുദ്ധരെ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ; ദൈവത്തെ തങ്ങളുടെ സർവ്വസ്വവുമാക്കിയ മനുഷ്യരെ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ; അങ്ങയോടുള്ള സ്നേഹത്താൽ നിറഞ്ഞുകവിഞ്ഞ് അങ്ങേക്കുവേണ്ടി മാത്രം ജീവിക്കുന്ന മനുഷ്യരെ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

കർത്താവേ, ഉദയത്തിലെ പ്രകാശം വളർന്ന് മധ്യാഹ്നത്തിലെത്തുന്നതുപോലെ നീതിമാന്റെ വഴി അനുധാവനം ചെയ്തുകൊണ്ട്, ഓരോ മനുഷ്യനും എന്തായിരിക്കുവാനായി അങ്ങ് അവനെ സൃഷ്ടിച്ചുവോ അത് ആയിത്തീരുവാനുള്ള ആഗ്രഹം ഓരോരുത്തരിലും ജനിപ്പിക്കണമേ.

കർത്താവേ, വിശുദ്ധി അങ്ങയുടെ ഒരു ദാനമാണെന്നും അതു നേടിയെടുക്കേണ്ടതാണെന്നും ഓരോ ക്രൈസ്തവനും വിശുദ്ധനായിരിക്കണമെന്നും അങ്ങ് ഓരോ മനുഷ്യനും മനസ്സിലാക്കിക്കൊടുക്കണമേ.

കർത്താവേ, ഞങ്ങളും വിശുദ്ധരാകാൻ ആഗ്രഹിക്കുന്നു. അതിനായി വിശുദ്ധരെ ഞങ്ങൾക്കു നല്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 35 ദനഹാ ലക്കം ഡിസംബർ 2016

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ലിജോ കരിന്തകരയ്ക്കൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- കരുണ: സ്നേഹത്തിന്റെ പ്രായോഗികതലം 05
- സഭ: ഈശോയോടൊപ്പം പ്രാർത്ഥിക്കുന്ന സമൂഹം 07
- സ്വർഗ്ഗവാതിൽ തുറക്കുന്ന സൗഭാഗ്യം 10
- ദൈവാരാധനയിലേക്കു നയിക്കുന്ന സാന്നിദ്ധ്യം 12
- പുറകിൽ നിൽക്കാൻ മറന്നുപോയവർ 14
- ധന്യേ മാപ്പ് 16
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- വേറിട്ട സ്വരങ്ങൾ 20
- ദൈവവിളിയുടെ മാക്സിമലിസം 22
- താങ്ക് യു... ഗോഡ് ബ്ലസ് യു... 25
- ഒളിച്ചോട്ടം 27
- ജ്ഞാനകണ്ണുകൾ തുറക്കുവിൻ 29
- യേശുവേ നിന്നെ കാണാൻ 31
- കൂടെനിന്ന് ആണിയടിക്കുന്നവർ 32
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

# അടയ്ക്കപ്പെടാത്ത സ്വർഗകവാടം

മനുഷ്യരുടെ ഹൃദയകവാടങ്ങൾ തുറക്കാനുള്ള ആഹ്വാനത്തോടെ ദൈവാലയങ്ങളിലെ കരുണയുടെ കവാടങ്ങൾ അടയ്ക്കപ്പെട്ടു. കരുണയുടെ വർഷാചരണം ഔദ്യോഗികമായി സമാപിപ്പിച്ച അവസരത്തിൽ പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് മാർപാപ്പാ പുറത്തിറക്കിയ *'മിസെരിക്കോർദിയ എത്ത് മിസെരാ'* എന്ന ശ്ലൈഹികലേഖനത്തിൽ എല്ലാവർക്കുമായി ഹൃദയവാതിൽ തുറക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറയുന്നുണ്ട്. പറുദീസായിൽ അടയ്ക്കപ്പെട്ട സ്വർഗകവാടം ദൈവപുത്രന്റെ ആഗമനത്തോടെ തുറക്കപ്പെട്ടതിനുശേഷം പിന്നീടൊരിക്കലും അടയ്ക്കപ്പെട്ടിട്ടില്ലല്ലോ...

ഈശോയുടെ മാമ്മോദീസായും സ്വർഗവാതിൽ തുറന്ന് പരി. ത്രിത്വം സ്വയം വെളിപ്പെടുത്തിയതും അനുസ്മരിക്കുന്ന ദനഹാതിരുനാൾ ആഗതമാകുന്നു. ഈശോയുടെ പരസ്യജീവിതം ധ്യാനവിഷയമാക്കുന്ന ദനഹാക്കാലത്തിലേക്ക് അതേത്തുടർന്ന് നാം പ്രവേശിക്കുകയാണല്ലോ. മനുഷ്യമക്കൾക്കായി തുറക്കപ്പെട്ട സ്വർഗത്തിന്റെ സ്നേഹാനുഭവമാണ് പരസ്യജീവിതകാലത്ത് ഈശോ താൻ കണ്ടുമുട്ടിയവർക്കെല്ലാം നല്കിയത്.

ഈശോയുടെ മൗതികശരീരമായ സഭയിലെ അംഗങ്ങളായ നാമോരോരുത്തരുമാണ് ഇന്ന് സ്വർഗത്തിന്റെ, സ്നേഹവും കരുണയും ക്ഷമയുമൊക്കെ നല്കുന്ന നല്ല ദൈവത്തിന്റെ സാമീപ്യം കണ്ടുമുട്ടുന്നവർക്കെല്ലാം നല്കേണ്ടത്. മനുഷ്യവർഗത്തിനുവേണ്ടി തുറക്കപ്പെട്ട സ്വർഗത്തെക്കുറിച്ചുള്ള ഓർമ്മ മറ്റുള്ളവർക്കു പകരുവാൻ തക്കവിധം നമ്മുടെ ജീവിതചെയ്തികൾ നമുക്കു ക്രമീകരിക്കാം. അതിനായി ഈശോയുടെ പരസ്യജീവിതം ഈ കാലയളവിൽ നമുക്കു ധ്യാനവിഷയമാക്കാം.

ഏവർക്കും ദനഹാതിരുനാളിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസകൾ...

**ചീഫ് എഡിറ്റർ**




# കരുണ: സ്നേഹത്തിന്റെ പ്രായോഗികതലം

ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.
നൊവീസ് മാസ്റ്റർ, പടമുഖം, ഇടുക്കി.

**2016** നവംബർ 20-ന് കരുണയുടെ വർഷം സമാപിച്ചപ്പോൾ ഫ്രാൻസിസ് മാർപാപ്പ എഴുതിയ ശ്ലൈഹിക ലേഖനമാണ് "കരുണയും ദൈന്യതയും" (Misericordia et Misera). ഇതിൽ 22 ഖണ്ഡികകൾ മാത്രമേയുള്ളു. എങ്കിലും നമ്മുടെ അനുദിന ജീവിതത്തിൽ കരുണാർദ്രസ്നേഹത്തിന്റെ പ്രായോഗികതയും ആവശ്യകതയും ഇതിലൂടെ മാർപാപ്പാ വ്യക്തമാക്കുന്നു. കൗദാശിക ജീവിതത്തിൽ അനുഭവിച്ചറിയുന്ന ദൈവകാരുണ്യം അനുദിനജീവിതത്തിൽ പങ്കുവയ്ക്കേണ്ടതിന്റെ പ്രാധാന്യം ഈ ലേഖനത്തിൽ എടുത്തുപറയുന്നുണ്ട്.

പരസ്യജീവിതകാലത്ത് ഈശോയുടെ കരുണാർദ്രമായ സ്നേഹം അനുഭവിച്ചറിഞ്ഞ പാപിനികളായ രണ്ടു സ്ത്രീകളുടെ അനുഭവം വിവരിച്ചുകൊണ്ടാണ് മാർപാപ്പ ഈ ശ്ലൈഹിക ലേഖനം ആരംഭിക്കുന്നത്. ആദ്യത്തെ സ്ത്രീ, പിടിക്കപ്പെട്ട വ്യഭിചാരിണിയാണ് (യോഹ 8,1-11). നിയമപ്രകാരം കല്ലെറിയുവാൻ വിധിക്കപ്പെട്ട അവളെ ദൈവത്തിന്റെ കരുണാർദ്രമായ കണ്ണുകൾകൊണ്ട് ഈശോ കടാക്ഷിച്ച് പറഞ്ഞു: "ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്" (യോഹ 8,11). ഇവിടെ കുറ്റവും ശിക്ഷയും

ഏറ്റുമുട്ടുകയല്ല, പാപിനിയും രക്ഷകനും കണ്ടുമുട്ടുകയാണ്. ഈശോയുടെ കാരുണ്യവും ദയയും ആ പാപിനിയുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ചു.

ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യം ഈശോയുടെ നീണ്ട നിശബ്ദതയാണ്. ദൈവികസ്വരം ആ പാപിനിയുടെയും അവളുമേൽ കുറ്റമാരോപിച്ചവരുടെയും അന്തരാത്മാവിൽ ചലനം സൃഷ്ടിക്കുവാനായിരുന്നു ആ നിശബ്ദത. ഈശോ ഉദ്ദേശിച്ചതുപോലെ അത് രണ്ടു കൂട്ടരിലും മാറ്റത്തിനു കാരണമായി. അവളെ കല്ലെറിയുവാൻ വന്നവർ കല്ലുകൾ ദൂരെയെറിഞ്ഞ് സ്ഥലം വിട്ടപ്പോൾ, അവൾ ഈശോയെ "കർത്താവേ" എന്നു വിളിച്ച് പശ്ചാത്താപവിവശയായി. ഭാവിയിലേക്ക് പ്രത്യാശയോടെ നോക്കുവാനും, ഒരു പുതിയ ജീവിതം ആരംഭിക്കുവാനും അവൾക്കു കാരണമാകത്തക്കവിധം ആ നിശബ്ദതയിൽ ദൈവകരുണ സ്നേഹം ചൊരിയുകയായിരുന്നു.

രണ്ടാമത്തെ പാപിനി, ഈശോ ശിമയോന്റെ ഭവനത്തിൽ ഭക്ഷണത്തിനിരുന്നപ്പോൾ അവിടുത്തെ പാദങ്ങൾ കണ്ണീരുകൊണ്ടു കഴുകുകയും തലമുടികൊണ്ട് തുടയ്ക്കുകയും ചുംബിക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്തവളാണ് (ലൂക്കാ 7,36-50). അവളെ കുറ്റം വിധിക്കുന്നതിനു പകരം "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്ന വചനമാണ് ഈശോ ഉച്ചരിച്ചത്.

ദൈവപിതാവിന്റെ സ്നേഹം വെളിപ്പെടുത്തുന്ന ഏറ്റവും ദൃശ്യമായ അടയാളമാണ് ക്ഷമ. സുവിശേഷത്തിലുടനീളം സ്നേഹത്തിന്റെയും ക്ഷമയുടെയും മാതൃക ഈശോ പഠിപ്പിച്ചുതരുന്നു. "പിതാവേ, അവരോടു ക്ഷമിക്കണമേ; എന്തെന്നാൽ അവർ ചെയ്യുന്നതെന്താണെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23,34) എന്ന കുരിശിലെ പ്രാർത്ഥനയിലൂടെ ക്ഷമിക്കേണ്ട രീതി അവിടുന്ന് കാണിച്ചുതന്നു. അങ്ങനെ, കരുണ ദൈവപിതാവിന്റെ സൗജന്യദാനമാണെന്ന് ഈശോ തെളിയിച്ചു. കാരണം, "ദൈവം കാരുണ്യവാനാണ്" (പുറപ്പാട് 34,6); "അവിടുത്തെ കാരുണ്യം അനന്തമാണ്" (സങ്കീ 136,1).

ദൈവകരുണയ്ക്ക് പാത്രീഭൂതരാകുവാനുള്ള ഏകയോഗ്യത അനുതാപമാണ്. അനുതപിക്കുന്ന പാപികളെ വിശുദ്ധീകരിക്കുന്ന അവിടുന്ന് ഓരോ വ്യക്തിയുടെയും ജീവിതത്തിലേക്ക് സ്നേഹപൂർവ്വം കരുണ വർഷിച്ച് കടന്നുവരുന്നു. കരുണാർദ്രമായ ദൈവസ്നേഹം അനുഭവിച്ചും മറ്റുള്ളവരോട് ക്ഷമിച്ചും നമ്മുടെ ജീവിതങ്ങളെ മാറ്റുവാനും രൂപാന്തരപ്പെടുത്തുവാനും നമുക്കു കഴിയണം.

*ജനുവരി 6 ദനഹാതിരുനാളായി നാം ആഘോഷിക്കുന്നു. അതേത്തുടർന്നുവരുന്ന കാലത്തെയാണ് ദനഹാക്കാലം എന്നു വിളിക്കുക.*


സെനക്കിൾ ആദ്ധ്യാത്മികത - 39

# സഭ: ഈശോയോടൊപ്പം പ്രാർത്ഥിക്കുന്ന സമൂഹം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

## കൃതജ്ഞതാസ്തോത്രമർപ്പിക്കുന്ന സമൂഹം

അന്ത്യത്താഴവേദിയിൽ ദീർഘമായി പ്രാർത്ഥിക്കുന്ന ഈശോയെ നമുക്കു കാണാം. ഈശോ ശിഷ്യരോടൊപ്പം സ്തോത്രഗീതം ആലപിച്ചതിനുശേഷം ഒലിവുമലയിലേക്കു പോയി എന്നാണ് സമാന്തരസുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് (മർക്കോ 14,26; മത്താ 26,30). സെനക്കിളിൽ ഈശോ ശിഷ്യരുമായി പങ്കുവച്ച ഈ പ്രാർത്ഥനാകൂട്ടായ്മയുടെ തുടർച്ചയാണ് പിന്നീട് കൃതജ്ഞതാസ്തോത്രപ്രാർത്ഥനയായി സഭയുടെ അപ്പം മുറിക്കൽ ശുശ്രൂഷയിൽ നാം കാണുന്നത്. ഇന്നും പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ സഭയുടെ ജീവിതം ഏറ്റം വലിയ പ്രാർത്ഥനാജീവിതംതന്നെയാണ്. പരിശുദ്ധ കുർബാനയാണ് ഏറ്റം വലിയ പ്രാർത്ഥന. യഥാർത്ഥ ആരാധന എന്ന് ഈശോ വിശേഷിപ്പിച്ച ത്രിത്വാത്മക ആരാധന പരിശുദ്ധ കുർബാനതന്നെയാ



ണ്. പിതാവായ ദൈവത്തെ സത്യത്തിലും (മിശിഹായിലും) അരൂപിയിലും (പരിശുദ്ധാരൂപിയിൽ) ആരാധിക്കുവാൻ ഇന്നു നമുക്കായി ഒരുക്കപ്പെടുന്ന വേദിയാണ് പരിശുദ്ധ കുർബാന. കുർബാനയിലാണ് മിശിഹായിൽ ഒന്നായി നിന്ന് പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി പിതാവിനോടു നാം പ്രാർത്ഥിക്കുന്നത്. ഈശോയുടെ പ്രാർത്ഥനാജീവിതത്തിൽ പങ്കുചേരുവാനും ഈശോയോടൊപ്പം പ്രാർത്ഥനയിൽ വളരുവാനും സഭയുടെ കൃതജ്ഞതാസ്തോത്രമായ പരിശുദ്ധ കുർബാനാനുഭവം നമ്മെ സഹായിക്കും.

### പ്രാർത്ഥിക്കാൻ മാറിപ്പോകുന്നവരുടെ സമൂഹം


എപ്പോഴും ദൈവൈക്യത്തിലായിരുന്ന ജീവിതമായിരുന്നു ഈശോയുടേത്. അവിടുന്ന് ദൈവംതന്നെയായിരുന്നു: "ദൈവംതന്നെയായിരുന്നു ആ വചനം" (യോഹ 1,2). "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു'' (യോഹ 1,14). അപ്രകാരം നിരന്തരം ദൈവൈക്യത്തിലായിരുന്നതുകൊണ്ടായിരിക്കണം "പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻ" (യോഹ 1,18) എന്ന് യോഹന്നാൻശ്ലീഹാ ഈശോയെ വിശേഷിപ്പിക്കുന്നത്. എങ്കിലും ഈശോ പലപ്പോഴും സ്വകാര്യപ്രാർത്ഥനയ്ക്കായി മാറിപ്പോകുന്നതായി സുവിശേഷത്തിൽ നാം കാണുന്നു: "അതിരാവിലെ അവൻ ഉണർന്ന് ഒരു വിജനസ്ഥലത്തേക്കു പോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (മർക്കോ 1,35). "അവനാകട്ടെ വിജനപ്രദേശങ്ങളിലേക്ക് പിൻവാങ്ങി അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (ലൂക്കാ 5,16). "ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കാനായി ഒരു മലയിലേക്കു പോയി. അവിടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് രാത്രി മുഴുവൻ ചെലവഴിച്ചു (ലൂക്കാ 6,12). ദൈവമനുഷ്യനായിരുന്ന ഈശോയ്ക്ക് ദൈവൈക്യത്തിൽ ജീവിക്കുന്നതിന് പ്രാർത്ഥന ആവശ്യമായിരുന്നെങ്കിൽ ഈ ലോകത്തിൽ ജീവിക്കുന്ന വെറും മനുഷ്യരായ നമുക്ക് വ്യക്തിപരമായ പ്രാർത്ഥനയ്ക്കുള്ള മാറിപ്പോകൽ എത്രമാത്രം ആവശ്യകമാണെന്നത് ഇതു വ്യക്തമാക്കുന്നു. ഈശോയെ അനുകരിച്ച് ഈശോയോടൊപ്പം വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് മാറിപ്പോകുന്നവരുടെ സമൂഹമായിരിക്കണം സഭ.

### ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന പ്രാർത്ഥനാസമൂഹം

സെനക്കിളിലെ ദീർഘമായ പ്രാർത്ഥനയ്ക്ക് ഈശോ തുടക്കംകുറിക്കുന്നത് പിതാവിനെ മഹത്ത്വപ്പെടുത്തിക്കൊണ്ടാണ്: "പിതാവേ, സമയമായിരിക്കുന്നു; പുത്രൻ അവിടുത്തെ മഹത്ത്വപ്പെടുത്തേണ്ടതിന് അങ്ങ് പുത്രനെ മഹത്ത്വപ്പെടുത്തണമേ" (യോഹ 17,1). തന്റെ ശിഷ്യരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ച പ്രകാരമാണ് അവിടുന്നു പ്രാർത്ഥിക്കുന്നത് (ലൂക്കാ 11,2-4). ദൈവഹിതമനുസരിച്ചുള്ള തന്റെ മഹത്ത്വീകരണത്തിലൂടെയാണ്, അതായത്, പീഡാനുഭവമരണോത്ഥാനങ്ങളിലൂടെയാണ് ദൈവത്തെ മഹത്ത്വപ്പെടുത്തേണ്ടതെന്നും ഇവിടെ വ്യക്തമാക്കുന്നുണ്ട്. ദൈവഹിതം പൂർത്തിയാക്കി ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം നയിക്കുവാൻ സഹായകരമായ ഒരു പ്രാർത്ഥനയാണ് നാം അഭ്യസിക്കേണ്ടതെന്ന് ഇതിലൂടെ ഈശോ നമ്മെ പഠിപ്പിക്കുന്നു. പലപ്പോഴും നമ്മുടെ ഹിതത്തിനു മുൻതൂക്കം കൊടുത്തു പ്രാർത്ഥിക്കുവാനുള്ള ഒരു ബലഹീനത നമുക്കുണ്ട്. നമ്മെ സ്നേഹിക്കുന്ന ദൈവം നമുക്ക് ഏറ്റം നന്മയായിട്ടുള്ളത് ക്രമീകരിക്കുമെന്ന വിശ്വാസത്തോടെ ദൈവഹിതം പൂർത്തിയാക്കുവാനും അങ്ങനെ ദൈവത്തെ മഹത്ത്വപ്പെടുത്തുവാനും സഹായകരമായ പ്രാർത്ഥനയായിരിക്കണം ദൈവജനത്തിന്റെ പ്രാർത്ഥന. അപ്രകാരം പ്രാർത്ഥിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന സമൂഹമായി ത്തീരുവാനുള്ള വിളിയാണ് സഭയുടേത്.

**മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്ന സമൂഹം**

ഈശോയുടെ പുരോഹിതപ്രാർത്ഥനയിലുടനീളം നാം കാണുന്നത് മദ്ധ്യസ്ഥപ്രാർത്ഥനയാണ്. തനിക്കു ദൈവം നല്കിയ ശിഷ്യർക്കുവേണ്ടിയും (17,9–19) തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കുംവേണ്ടിയും (17,20–26) അവിടുന്നു പ്രാർത്ഥിക്കുന്നു. ഏറ്റം ഫലപ്രദമായ പ്രാർത്ഥന മദ്ധ്യസ്ഥപ്രാർത്ഥനയാണെന്ന് യാമപ്രാർത്ഥനകൾ നമ്മെ അനുസ്മരിപ്പിക്കുന്നു: "അപരനുവേണ്ടി പ്രാർത്ഥിപ്പോൻ/ അവനവനായ് താൻ പ്രാർത്ഥിപ്പൂ/ സ്വാർത്ഥത തിങ്ങും യാചനകൾ/ നിഷ്ഫലമല്ലോ തിരുമുമ്പിൽ". നമ്മുടെ പ്രാർത്ഥനയിൽ നമുക്കുവേണ്ടിയെന്നതിനെക്കാൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നാം ശ്രദ്ധിക്കണം. അത് സഹോദരസ്നേഹത്തിൽ വളരുവാൻ നമ്മെ സഹായിക്കും. സഭ പരസ്പരസ്നേഹത്തിൽ നിലനില്ക്കുന്ന സമൂഹമായിരിക്കണമെന്നത് ഈശോയുടെ അന്ത്യാഭിലാഷമാണ് (യോഹ 13,34–35). അതുപോലെ ഈശോ പ്രാർത്ഥിച്ചത് തന്റെ ശിഷ്യരെ വിശുദ്ധിയിലും ഐക്യത്തിലും കാത്തുസൂക്ഷിക്കുവാനും (17,11.17) അവർ ദൈവത്തിൽ ഒന്നായിരിക്കുവാനുമാണ് (17,21). ഭൗതികനന്മകൾക്കെന്നതിനെക്കാൾ ആത്മീയ നന്മകൾക്കുവേണ്ടിയാണ് നാം പ്രാർത്ഥിക്കേണ്ടതെന്നും ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു. ഇപ്രകാരം പ്രാർത്ഥിക്കുന്ന സമൂഹം സ്നേഹത്തിലും വിശുദ്ധിയിലും വളരുന്ന സഭാസമൂഹമായിത്തീരും. ചുരുക്കത്തിൽ ഈശോയെപ്പോലെയും ഈശോയോടൊപ്പവും പ്രാർത്ഥിക്കുന്ന ഒരു സമൂഹമാകുവാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.



*നമ്മുടെ പ്രാർത്ഥനയിൽ നമുക്കുവേണ്ടിയെന്നതിനെക്കാൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നാം ശ്രദ്ധിക്കണം. അത് സഹോദരസ്നേഹത്തിൽ വളരുവാൻ നമ്മെ സഹായിക്കും. ഈശോ പ്രാർത്ഥിച്ചത് തന്റെ ശിഷ്യരെ വിശുദ്ധിയിലും ഐക്യത്തിലും കാത്തുസൂക്ഷിക്കുവാനും (17,11.17) അവർ ദൈവത്തിൽ ഒന്നായിരിക്കുവാനുമാണ് (17,21).*

പ്രതീക്ഷയുടെ പൂമൊട്ടുകൾ "You are my Son."

# സ്വർഗ്ഗവാതിൽ തുറന്ന സൗഭാഗ്യം

**ഷിജി പറപ്പള്ളിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ആ**രാധനക്രമവത്സരത്തിലെ ദനഹാക്കാലം ഈശോയുടെ മാമ്മോദീസായും പ.ത്രിത്വ ത്തിന്റെ വെളിപ്പെടുത്തലും പ്രധാനമായും അനുസ്മരിക്കുന്നു.

ഒരു വ്യക്തിത്വം ലഭിച്ച വ്യക്തിയായി, യോർദ്ദാൻ നദീജലത്തിൽ വിസ്മയകരമായ ഒരു വെളിപ്പെടുത്തലിന്റെ മദ്ധ്യേ നിൽക്കുന്നതായി സുവിശേഷം ഈശോയെ അവതരിപ്പി ക്കുന്നു. "ജനം സ്നാനം സ്വീകരിച്ചുകൊണ്ടിരുന്നപ്പോൾ ഈശോയും വന്ന് സ്നാനമേറ്റു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരു ന്നപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ്



പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങി വന്നു. സ്വർഗ്ഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി: ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു" (ലൂക്കാ 3,22). ഈ വിധം ഈശോ അഭിഷിക്തനാവുകയും രക്ഷകനായ മിശിഹായും വിമോ ചകനുമായി വെളിപ്പെടുത്തപ്പെടുകയും ചെയ്തു. ഒരു മേൽവിലാസം ലഭിച്ചവനായി. സ്വന്തവും ബന്ധവും ഉള്ളവനായി. ദൈവത്തിന്റെ പ്രസാദം കിട്ടി. എന്റേത് എന്നു പറയുവാൻ ഒരു പിതാ വിനെ കിട്ടി. മാത്രമല്ല, സ്വർഗ്ഗം തുറന്നതിന്റെ ആനന്ദാനുഭവവും. ഈശോയുടെ ജ്ഞാനസ്നാന

സംഭവത്തിൽ ജലത്താൽ പ്രതീകവൽക്കരിക്കപ്പെട്ട സ്നാപകന്റെ ജ്ഞാനസ്നാനത്തിൽ നിന്നും പരിശുദ്ധാത്മാവിനാലും അഗ്നിയാലും ഉള്ള ജ്ഞാനസ്നാനത്തിലേക്കുള്ള കടന്നുപോകലുണ്ട്. ഇത് ലൂക്കാ സുവിശേഷകൻ വെളിപ്പെടുത്തുന്നുമുണ്ട് (ലൂക്കാ 3,16).

ദൈവകൃപയുടെ അതിസൗന്ദര്യം വീണ്ടെടുത്തു നൽകിക്കൊണ്ട് ആദിപാപത്തെ എരിയിച്ചു കളയുന്ന മുഖ്യശിൽപി പരിശുദ്ധാത്മാവാണ്. പാപമാകുന്ന ഇരുളു പുതച്ച ലോകത്തു നിന്നും നമ്മെ സ്വതന്ത്രരാക്കുകയും സ്നേഹവും സമാധാനവും പ്രത്യാശയും വിശ്വാസവും തന്ന് നമ്മെ നിറയ്ക്കുകയും ചെയ്യുന്നതും അവിടുന്നു തന്നെ. നമ്മുടെ വ്യക്തിത്വങ്ങളിൽ ഈശോയുടെ മുഖലക്ഷണങ്ങൾ പ്രത്യക്ഷമാക്കുവാനുള്ള അവസരമാണ് ജ്ഞാനസ്നാനത്തിലൂടെ ലഭിച്ചത്. അത് നമ്മെ ഉന്നതമായ മഹത്ത്വത്തിന്റെ ഒരു തലത്തിലേക്ക് ഉയർത്തുന്നു. കണ്ടാലും! എത്ര വലിയ സ്നേഹമാണ് പിതാവു നമ്മോടു കാണിച്ചിരിക്കുന്നത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു. നാം അങ്ങനെ തന്നെയാണു താനും (1 യോഹ 3,1). ദൈവമക്കളാകുന്ന മഹനീയ യാഥാർത്ഥ്യത്തിൽ ആനന്ദം കൊള്ളുന്ന ശ്ലീഹായെ നമുക്ക് മാതൃകയാക്കാം. ഈശോയെ രക്ഷകനും നാഥനുമായി സ്വീകരിക്കാമെന്നും പാപവും പാപമാർഗ്ഗങ്ങളും ഉപേക്ഷിക്കാമെന്നും നമുക്കു വേണ്ടി നമ്മുടെ ജ്ഞാനസ്നാന മാതാപിതാക്കൾ പറഞ്ഞതിന്റെ പിന്നിൽ എന്റെ കുഞ്ഞിന് ഞാൻ വിശ്വാസം ആഗ്രഹിക്കുന്നു എന്ന യാചന മറഞ്ഞിരിക്കുന്നു. ഒരു ആഗ്രഹിക്കലും ഉപേക്ഷിക്കലും. കാലപ്രവാഹത്തിൽ കൈമാറ്റത്തിന്റെ ഈടുറ്റ കൈമുതലായ വിശ്വാസത്തെ തീവ്രതയിൽ ആഗ്രഹിക്കാനും അതിനെ ചെറുക്കുന്നവയെ ഉപേക്ഷിക്കാനും തയ്യാറാവണം.

കത്തിച്ച മെഴുകുതിരി സഭാമാതാവ് നമ്മുടെ ഇളം കൈകളിൽ നൽകുമ്പോൾ പ്രതികൂല സാഹചര്യത്തിലും അതണയാതിരിക്കുവാൻ ശ്രദ്ധയോടെ കാത്തുസൂക്ഷിക്കാം. കൈമാറുന്ന വിശ്വാസം കൈമോശം വരില്ലെന്ന് ഉറപ്പു വരുത്തുക, പരിപോഷിപ്പിക്കുക, പൈതൃകമായി കരുതുക. ഇത് ഓരോ ദൈവമക്കളുടെയും കടമയാണ്. മറക്കാതിരിക്കാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

പ്രതീക്ഷയുടെ പൂമൊട്ടുകൾ

"You are my Son."



# ദൈവാരാധനയിലേക്കു നയിക്കുന്ന സാന്നിദ്ധ്യം

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

ദൈവികദൂതന്റെ സാന്നിധ്യത്തിലായിരുന്ന് ദൈവവചനം സ്വീകരിച്ച് പരിശുദ്ധ അമ്മ കൃപാപൂരിതയായി. എന്നാൽ ഇത് അമ്മയുടെ വിശ്വാസപൂർണ്ണമായ വലിയൊരു എടുത്തുചാട്ടമായിരുന്നു. വധിക്കപ്പെടാവുന്ന ജീവിതസാഹചര്യം - കാരണം ലോകദൃഷ്ടിയിൽ അവിഹിതമായി ഗർഭവതിയായിരിക്കുന്നു. ഒരുപക്ഷേ, അവളുടെ സമ്മതം അവളെ കൊണ്ടുചെന്നെത്തിക്കുന്നത് മരണത്തെക്കാൾ ഭയാനകമായ ആക്ഷേപാവസ്ഥയിലേക്കാണ്.

ദൈവികസന്നിധിയിൽനിന്നും ശ്രവിച്ചവയെല്ലാം മനസ്സിലാകാതിരുന്നിട്ടും അവിടുത്തെ ഹിതത്തിന് ദാസിയായി സ്വയം സമർപ്പിച്ചവളാണ് മറിയം. ദാസിക്ക് എല്ലാം യജമാനനാണ്. അവളുടെ ജീവിതനിയന്താവും സംരക്ഷകനും ശിക്ഷകനും എല്ലാം യജമാനൻതന്നെയാണ്. യജമാനനായി ദൈവത്തെ അവൾ പ്രതിഷ്ഠിച്ചു. യജമാനശുശ്രൂഷക്കായി പോയതാകട്ടെ മലയോരത്തുള്ള വൃദ്ധയും ഗർഭിണിയുമായ അവളുടെ ഇളയമ്മ ഏലീശ്വായുടെ പക്കലേക്ക്. ദൈവത്തിനും ദൈവവചനത്തിനുമുള്ള ദാസ്യവൃത്തി പൂർത്തീകരിക്കപ്പെടുന്നത് ആവശ്യങ്ങളിൽ കഴിയുന്ന, ദൈവത്തിന്റെ ഛായയും സാദൃശ്യവുംപേറി കൺമു

മ്പിൽ നില്ക്കുന്ന സഹജരെ ശുശ്രൂഷിച്ചുകൊണ്ടാണ് എന്ന് പരി. മറിയം പഠിപ്പിക്കുന്നു.

അപകടകരമായ സാഹചര്യമായിരുന്നിട്ടും ദൈവഹിതത്തിന് സമ്മതം അറിയിച്ചതിനാൽ, ദൈവത്തിനു ദാസിയായി സമർപ്പിച്ചതിനാൽ, അവളുടെ വഴിത്താര ദൈവം തുറക്കുന്നു. യൗസേപ്പിന്റെ സംശയം നീക്കുകയും, സംരക്ഷകനായി അവൾക്ക് നല്കപ്പെടുകയും ചെയ്തു. അതുവഴി വേശ്യ എന്ന് മുദ്ര കുത്തപ്പെടാനുള്ള സാധ്യതയും മരണശിക്ഷയും ആക്ഷേപസാഹചര്യങ്ങളുമെല്ലാം മാറ്റപ്പെട്ടു.

കൃപാവര പൂരിതയായവൾ ഏലീശ്വായെ സന്ദർശിച്ചതുവഴി ഏലീശ്വായും ഗർഭസ്ഥശിശുവും ആത്മപൂരിതരും ദൈവാരാധകരുമായി രൂപീകരിക്കപ്പെട്ടു. എലിസബത്തിന്റെ ദൈവസ്തുതിപ്പ് മറിയത്തിനു സ്തോത്രഗീതമാലപിക്കുവാൻ ഇടയാക്കി. ഏലീശ്വാ തന്റെ ജീവിതത്തിലെ ദൈവകൃപകളെ സ്മരിച്ച് ദൈവത്തെ സ്തുതിച്ചു. അതിനുശേഷം സുവിശേഷ വിവരണത്തിൽ മറിയത്തിന്റെ സ്തോത്രഗീതം നാം ശ്രവിക്കുന്നു. തന്റെ നിസ്സാര ജീവിതത്തിലെ ദൈവത്തിന്റെ അത്ഭുതകൃത്യങ്ങൾ മറിയത്തെ ദൈവസ്തുതിപ്പിലേക്ക് നയിച്ചു.

വി. ലൂക്കാ സുവിശേഷകൻ 10-ാം അദ്ധ്യായത്തിൽ ഈശോ പിതാവിനെ ആത്മാവിൽ ആനന്ദിച്ച് സ്തുതിക്കുന്നതു രേഖപ്പെടുത്തിയിരിക്കുന്നു. അതാകട്ടെ ശിഷ്യഗണം സുവിശേഷശുശ്രൂഷ നിർവ്വഹിച്ച് ആഹ്ളാദചിത്തരായി എത്തുമ്പോൾ അവരെപ്രതി നടത്തുന്ന കൃതജ്ഞതാപ്രകാശന പ്രാർത്ഥനയാണ്. ഇതാണ് ഓരോ ക്രൈസ്തവനിലും സംഭവിക്കേണ്ടത്. അവന്റെ ജീവിതം മറ്റുള്ളവരെ കൃപനിറഞ്ഞവരും ദൈവാരാധകരുമാക്കി രൂപാന്തരപ്പെടുത്തുവാൻ ഉതകുന്നതാവണം. അപരന്റെ സാന്നിധ്യവും അവരുടെ ജീവിതത്തിലെ ദൈവപരിപാലനയുടെ അനുഭവങ്ങളും നമ്മുടെ അധരങ്ങളിൽനിന്ന് ദൈവാരാധന ഉയരുവാൻ ഇടയാക്കണം.

ദനഹാക്കാലം ദൈവാവിഷ്ക്കരണ സംഭവങ്ങളുടെ ധ്യാനകാലഘട്ടമാണ്. ദൈവം ഇന്ന് വെളിപ്പെടേണ്ടത് നമ്മിലും നമ്മുടെ പ്രാർത്ഥനാപൂർവ്വമായ അനുദിന ജീവിതത്തിലുമാണ്. മറിയത്തിന്റെ സാന്നിധ്യത്തിൽ എലിസബത്ത് ദൈവികപ്രവൃത്തികൾ സ്തോത്രഗീതമായി വെളിപ്പെടുത്തിയതുപോലെ, എലിസബത്തിന്റെ ആരാധനയിൽ മറിയം സ്വജീവിതത്തിലെ ദൈവികഇടപെടലുകൾ കണ്ടെത്തി തന്റെ ഗീതത്തിലൂടെ അവിടുത്തെ വെളിപ്പെടുത്തിയതുപോലെ, നമ്മുടെ ആരാധനയും പ്രാർത്ഥനകളും ജീവിതവും ദൈവത്തെ വെളിപ്പെടുത്തുന്നവയായി രൂപാന്തരപ്പെടണം.

*മിശിഹായുടെ പരസ്യജീവിതത്തെ അനുസ്മരിക്കുന്ന ദനഹാ കാലത്തിലെ എല്ലാ വെള്ളിയാഴ്ചകളും മിശിഹായ്ക്കു സാക്ഷ്യംവഹിച്ച വിശുദ്ധരുടെ തിരുനാൾ ദിവസങ്ങളാണ്.*

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# പുറകിൽ നിൽക്കാൻ മറന്നുപോയവർ

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഒരിക്കൽ കാണുവാനിടയായ ഒരു പുഷ്പാലങ്കാരം ഓർക്കുന്നു. വിവിധ വർണ്ണങ്ങളുള്ള, വില കൂടിയ, അതിമനോഹരങ്ങളായ പൂക്കൾ. പക്ഷേ എന്തോ ഒരു കുറവ് അവിടെ തോന്നി. മറ്റൊന്നുമല്ല, അവയുടെ പുറകിൽ പച്ചിലകൾ തീരെ കുറവ്. പുറകിൽ ഒരു പച്ചപ്പിന്റെ കുറവുമൂലം പൂക്കളുടെ ഭംഗി അതായിരിക്കുന്ന രീതിയിൽ പ്രകടമായിരുന്നില്ല.

ഇന്ന് പുറകിൽ നില്ക്കാൻ ആരും ഇഷ്ടപ്പെടുന്നില്ല. മുമ്പിൽ നില്ക്കാൻ മാത്രം കുതിക്കുന്ന ഒരു ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. എപ്പോഴും ജയിക്കുന്നതു മാത്രം പ്രാഗത്ഭ്യത്തിന്റെ അടയാളവും, പുറകിലാകുന്നത് തികഞ്ഞ പരാജയത്തിന്റെയും കഴിവില്ലായ്മയുടെയും അടയാളവുമായി മുദ്ര കുത്തപ്പെട്ടിരിക്കുന്ന കാലം! ഇന്ന് എവിടെയും മത്സരമാണ്. മുൻപിൽ കയറാനുള്ള മത്സരം. വൻകിട കമ്പനികൾ തുടങ്ങി സ്ഥാപനങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, ധ്യാനമന്ദിരങ്ങൾ, ഇടവകകൾ, കുടുംബങ്ങൾ, വ്യക്തികൾ തമ്മിൽവരെ ഇന്ന് മുമ്പിൽ നില്ക്കാനുള്ള മത്സരഓട്ടമാണ്. ഒരു മനുഷ്യജീവിതത്തിന്റെ എല്ലാ തുറകളിലും, എന്തിനേറെ.... ആദ്ധ്യാത്മികജീവിതത്തിൽ പോലും ഈ 'മുമ്പിൽ' ശാസ്ത്രത്തിനാണ് മുൻതൂക്കം. ഇതിനിടയിൽ സംഭവിക്കുന്ന മൂല്യശോഷണത്തെ ആരും കാണുന്നില്ല. ഇന്ന് സംഭവിക്കുന്ന അധിക പ്ലാസ്റ്റിക് ഉപയോഗത്തിന്റെയും പരിസര മലിനീകരണത്തിന്റെയും പ്രകൃതിയെ ദുരുപയോഗിക്കുന്നതിന്റെയും പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കപ്പെടുന്നതിന്റെയും ഒരു പ്രധാന കാരണം ഈ 'മുമ്പിൽ നില്ക്കൽ' പ്രവണതയാണ്.

ഇന്ന് പെരുകിവരുന്ന വാഹനാപകടങ്ങളുടെ ഒരു പ്രധാന കാരണം അല്പനേരം പുറകിൽ നില്ക്കാനുള്ള മനസ്സില്ലായ്മയല്ലേ? കുട്ടികളുടെ ഇടയിലുള്ള ആത്മഹത്യകളുടെയും മറ്റു

ദുഷ്പ്രവണതകളുടെയും കാരണം അവരുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്ന ഈ 'മുമ്പിൽ' തത്ത്വം ആണ് എന്നതിൽ സംശയമില്ല. കുടുംബങ്ങളിൽ ചില പിതാക്കന്മാരുടെ പെരുന്തച്ചൻ കോംപ്ലക്സ് എത്രയോ മക്കളെ തകർത്തുകളഞ്ഞിരിക്കുന്നു. ഒരമ്മയുടെ ഉദരത്തിൽ പിറന്ന എത്രയോ മക്കൾ, 'ഞാനോ നീയോ മുമ്പിൽ' എന്നു പറഞ്ഞ് തമ്മിൽ തല്ലുന്നു? ആദ്ധ്യാത്മികതയുടെ പേരിൽ ചിലർ കാട്ടിക്കൂട്ടുന്ന ചില പ്രവർത്തനങ്ങൾ കണ്ടാൽ അത് ട്രാക്കിലെ ഓട്ടമത്സരത്തെക്കാൾ ശക്തമാണെന്ന് മനസ്സിലാക്കാൻ യാതൊരു ബുദ്ധിമുട്ടും ഇല്ല.

ഈ ദനഹാക്കാലം നമ്മുടെ മുമ്പിൽ വച്ചുതരുന്നത് ഒരു 'പുറകിൽ' ശാസ്ത്രത്തിന്റെ മനോഹാരിതയാണ്. പുറകിൽനിന്ന് ശാന്തമായി, നിശബ്ദമായി തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിച്ച് എല്ലാവരുടെയും മുമ്പിലായ മനോഹരജീവിതങ്ങളെ തിരുസ്സഭ നമ്മുടെ മുമ്പിൽ മനോഹരമായി ചിത്രീകരിക്കുന്നു. ദൈവപുത്രനായിരുന്നിട്ടും മനുഷ്യനോട് താദാത്മ്യപ്പെടുവാൻ ഒരു മനുഷ്യന്റെ മുമ്പിൽ തലകുനിച്ചു നില്ക്കുന്ന ഈശോ. പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം നല്കുന്നവൻ, ജലത്താലുള്ള സ്നാനത്തിനായി താഴ്ന്നുകൊടുക്കുന്നു. 'വരുവാനിരിക്കുന്നവൻ ഞാനാണ്' എന്നൊന്നു പറഞ്ഞിരുന്നെങ്കിൽ ജനസഞ്ചയം സ്നാപകന്റെ പുറകേ ഓടിക്കൂടുമായിരുന്നു. 'അവൻ ഞാനല്ല' എന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു കർത്താവിന്റെ മുന്നോടി. ദനഹാക്കാലത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ദൈവഹിതം നിർവഹിക്കുവാൻ പുറകിൽ നിന്നവരുടെ ഒരു നീണ്ട നിര കാണുന്നു. രക്ഷകന്റെ അമ്മയായിരുന്നിട്ടും എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് പുറകിൽ നിന്നവൾ പരി. അമ്മ! രക്ഷകന്റെ സംരക്ഷണച്ചുമതല മുഴുവൻ ഏറ്റെടുത്ത് നിശബ്ദതയിൽ ഒതുങ്ങിക്കൂടിയ നിശബ്ദസാന്നിധ്യം വി. യൗസേപ്പ്!

സത്യസന്ധതയും വിശ്വസ്തതയും ഉള്ളവർക്കേ പുറകിൽ നില്ക്കാനാവൂ. കാരണം അതൊരു 'ഒരമ്മ' സാന്നിധ്യം ആണ്. അമ്മ സത്യമാണ്, വിശ്വസ്തയാണ്. മനോധൈര്യമുള്ളവർക്കേ പുറകിൽ നിൽക്കാനാവൂ. കാരണം പുറകിൽനില്ക്കൽ ഒരു 'വെല്ലുവിളി'യാണ്. മുൻകൈ എടുക്കാൻ കഴിയുന്നവർക്കേ പുറകിൽ നില്ക്കാനാവൂ. കാരണം സാഹചര്യങ്ങളെ മുൻകൂട്ടി കാണാൻ അവർക്കാകും. ഈ ദനഹാക്കാലം പുറകിൽ നില്ക്കാൻ നമ്മെ ശക്തരാക്കട്ടെ.

*പാപത്തിന്റെ അന്ധകാരത്തിൽനിന്നും മനുഷ്യവംശത്തെ ദൈവികപ്രകാശത്തിലേക്ക് ഉയർത്തുവാൻ ഉദിച്ച സൂര്യതേജസ്സായ മിശിഹായുടെ പരസ്യജീവിതം ഈ കാലഘട്ടത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നു.*



# ധന്യേ മാപ്പ്

**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി,
കല്യാൺ രൂപത

വലനാട് ജില്ലയിലെ ചേക്കാടി എന്ന പിന്നാക്ക ഗ്രാമത്തിൽ ഒരു ഒന്നര വയസ്സുകാരി ചികിത്സ കിട്ടാതെ മരിച്ചു. അർദ്ധരാത്രിയിൽ, പനി വർദ്ധിച്ചപ്പോൾ കുട്ടിയെ ആശുപത്രിയിൽ എത്തിക്കാൻ വാഹനമുള്ളവരുടെ പല വീടുകളിലും മുട്ടിവിളിച്ചെങ്കിലും ആ പാവപ്പെട്ട കുടുംബത്തിനായി ആരും വാതിൽ തുറന്നില്ല. ഗത്യന്തരമില്ലാതെ, കൂരിരുട്ടിൽ, മഴയത്ത് അച്ഛൻ ആ കുട്ടിയേയും തോളിലേറ്റി ഓടുകയായിരുന്നു. ഒടുവിൽ എവിടെനിന്നോ വന്ന ഒരു ഓട്ടോറിക്ഷയിൽ കയറി ആശുപത്രിയിൽ ചെന്നെങ്കിലും വൈകിപ്പോയിരുന്നു. ആ ഒന്നര വയസ്സുകാരി, ധന്യ, അങ്ങകലെ മാലാഖമാരുടെ രാജ്യത്ത് അപ്പോഴേക്കും എത്തിക്കഴിഞ്ഞിരുന്നു. ധന്യയെ അച്ഛൻ ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ, അവളുടെ നാലു സഹോദരികൾ വീട്ടിൽ തനിച്ചായിരുന്നു.

കുറച്ചു നാളുകൾക്കു മുമ്പ്, മലയാള മനോരമയിൽ വന്ന ഒരു വാർത്ത ആയിരുന്നു ഇത്. ഈ വാർത്തയെ അതർഹിക്കുന്ന ഗൗരവത്തോടെ ആരും എടുത്തില്ല. ടി.വി. ചാനലുകൾ ഈ വാർത്തയെ പ്രാധാന്യത്തോടെ ഘോഷിക്കുകയോ, ബ്രേക്കിംഗ് ന്യൂസ്

പ്രതീക്ഷയുടെ പൂമൊട്ടുകൾ

കൊടുത്ത് ജനശ്രദ്ധയെ ആകർഷിക്കുകയോ, വിദഗ്ധരുടെ പാനൽ ചർച്ച നടത്തുകയോ ചെയ്തില്ല.

ശ്രവണസുന്ദരമായ കാതുകൾ ദൈവം നിങ്ങൾക്ക് തന്നിട്ട് എന്തു കാര്യം? കൂടെയുള്ളവന്റെ കരച്ചിൽ നിങ്ങളുടെ കാതുകളിൽ പതിയുന്നില്ലെങ്കിൽ, ബധിരനും നീയും തമ്മിൽ എന്തു വ്യത്യാസം? "ഞാനാണോ എന്റെ സഹോദരന്റെ കാവൽ ക്കാരൻ?" ആ ചോദ്യം വീണ്ടും ആവർത്തിക്കപ്പെടുന്നു. മുപ്പതും നാല്പതും ലക്ഷത്തിന്റെ കാറിൽ നീ പാഞ്ഞുപോകുമ്പോൾ നിന്റെ കണ്ണുകളിൽനിന്ന് മറയപ്പെടുന്നത് നിന്റെ സഹോദരങ്ങളാണ്, അവരുടെ കണ്ണീരിൽ കുതിർന്ന വേദനകളാണ്. കണ്ടില്ലെന്നും കേട്ടില്ലെന്നും നടിച്ച്, നിന്റെ ഈ യാത്ര എത്ര നാൾ നീളും? അതുകൊണ്ട്, നിന്റെ ജീവിതത്തിന്റെ ഗതിവേഗം കുറയ്ക്കൂ... അപ്പോൾ നിന്റെ കണ്ണുകളിൽ നിന്റെ സഹോദരന്റെ രൂപം പതിയും. നിന്റെ സഹോദരന്റെ നിലവിളികൾ നീ കേൾക്കും. വയനാട്ടിലെ ഒരു കുഗ്രാമത്തിൽ ചികിത്സ കിട്ടാതെ മരിച്ച ധന്യയുടെ ആത്മാവ് നമുക്ക് മാപ്പ് നൽകട്ടെ. ധന്യേ മാപ്പ്!

*ദനഹാ എന്ന സുറിയാനിപദത്തിന്റെ വ്യാഖ്യാർത്ഥം സൂര്യോദയം എന്നാണ്.*

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

## വിശുദ്ധിയുടെ മുത്തുകൾക്ക്

കൂട്ടുകാരേ, ഉത്തരങ്ങൾ എഴുതുന്നതിനുമുമ്പ് ഈ ലക്കത്തിലെ പ്രതീക്ഷയുടെ പൂമൊട്ടുകൾ മുഴുവൻ വായിക്കണേ. ഉത്തരങ്ങൾ ഇതിന്റെ താളുകളിൽ ഒളിഞ്ഞുകിടപ്പുണ്ട്.

1. ദനഹാക്കാലത്തിലെ നാലാം വെള്ളിയാഴ്ച ആരുടെ തിരുനാളാണ് ആഘോഷിക്കുന്നത്?
2. ദനഹാ എന്ന വാക്കിന്റെ അർത്ഥമെന്ത്?
3. ദൈവം തനിക്കു നല്കിയ ശിഷ്യർക്കുവേണ്ടി ഈശോ പ്രാർത്ഥിക്കുന്ന സുവിശേഷ ഭാഗമേത്?
4. ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുസ്മരിച്ചുകൊണ്ട് ദനഹാതിരുനാളിന്റെ തലേരാത്രിയിൽ നടത്തുന്ന ആചാരമേത്?
5. ക്രിസ്തീയജീവിതത്തിന്റെ അന്തഃസത്ത .................കൂട്ടായ്മയാണ്.
6. ദനഹാതിരുനാൾ ആഘോഷിക്കുന്നതെന്ന്?
7. കരുണയുടെ വർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ എഴുതിയ ശ്ലൈഹികലേഖനമേത്?
8. "അവൻ വളരുകയും ഞാൻ കുറയുകയും വേണം". വചന ഭാഗം എഴുതുക.

**ഉത്തരങ്ങൾ**

1.
2.
3.
4.
5.
6.
7.
8.



(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി – ജനുവരി 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018




# കുഞ്ഞാറ്റയുടെ കുമ്പസാരം

**ദൈ**വം കായേനോട് ഇങ്ങനെ പറയുന്നുണ്ട്: ''നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽതന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അത് നിന്നിൽ താൽപര്യം വച്ചിരിക്കുന്നു. നീ അതിനെ കീഴടക്കണം" (ഉൽപ 4,7). ഈ വാക്കുകളിലൂടെ ദൈവപിതാവ് നമ്മോടും പറയുന്നുണ്ട്, സൂക്ഷിക്കണമെന്ന്. പുതിയ നിയമത്തിൽ ഈശോ പലപ്പോഴും പറഞ്ഞിട്ടുണ്ട്, ഉണർന്നിരുന്ന് പ്രാർത്ഥിക്കണം, ജാഗ്രതയുള്ളവരാകണം എന്നൊക്കെ. എന്റെ കുഞ്ഞാറ്റക്കു മനസിലാകുന്നുണ്ടോ മമ്മി പറയുന്നതൊക്കെ? എന്താ മുഖം വല്ലാതിരിക്കുന്നത്? പേടിയാവുന്നുണ്ടോ? പേടിക്കണ്ട കേട്ടോ മോളേ, ഈശോയും മാതാവും യൗസേപ്പിതാവും മാലാഖമാരുമൊക്കെ നമ്മുടെ കൂടെയുണ്ടെന്നേ. തിന്മകളെ നമ്മിൽ നിന്നും ഓടിക്കാൻ ഏറ്റം നല്ല ആയുധം പ്രാർത്ഥനയാ.

ബൈബിളു വായിക്കാനും തിരുവചനങ്ങൾ പഠിക്കാനുമൊക്കെ മോളോടു പറയാറില്ലേ? "അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവുമാണെന്ന്" സങ്കീർത്തകൻ പറയുന്നുണ്ട്. ഈ കുഞ്ഞു പ്രായത്തിലേ തിരുവചനമൊക്കെ ഉരുവിട്ടു പഠിക്കുകയാണങ്കിൽ വലുതാകുമ്പോൾ പ്രലോഭനത്തിൽ നിന്നും രക്ഷിക്കാൻ തിരുവചനം മോളുടെ ഹൃദയത്തിലുണ്ടാകും കേട്ടോ. ഈശോയെ പ്രലോഭിപ്പിക്കാൻ വന്ന പിശാചിനെ ഈശോ ഓടിച്ചുവിട്ടത് തിരുവചനം എന്ന വലിയ ആയുധം ഉപയോഗിച്ചാ.

മോളു പേടിക്കണ്ട കേട്ടോ. അനുസരിക്കുന്നവനു തെറ്റു പറ്റില്ല എന്നാ വിശുദ്ധരൊക്കെ പറയുന്നത്. പറഞ്ഞാൽ അനുസരിക്കണം എന്നൊക്കെ മോളോടു ഡാഡിയും മമ്മിയും പറയാറില്ലേ? എന്തുകൊണ്ടാ ഇങ്ങനെ പറയുന്നതെന്നു മോളൂന് പിടികിട്ടിയോ? ഡാഡിയെയും മമ്മിയെയും വല്യമ്മച്ചിയെയും അദ്ധ്യാപകരെയും സഹോദരങ്ങളെയും എല്ലാവരെയും അനുസരിക്കണം; സന്തോഷത്തോടെ അനുസരിക്കണം.

**ഷീജാ കാലായിൽ**



# വേറിട്ട സ്വരങ്ങൾ

**ഷിനി തെരേസ് മുതുപ്ലാക്കൽ**

യോഹന്നാൻ സ്നാപകൻ.... ഈശോയ്ക്ക് ആറുമാസം മുമ്പ് ജനിച്ച്, ഈശോയെ ലോകത്തിനു പ്രത്യക്ഷപ്പെടുത്തുവാൻ ഈശോയുടെ പരസ്യജീവിതത്തിനു മുമ്പ് ജനത്തിനു മുമ്പിൽ പ്രത്യക്ഷപ്പെട്ട്, ഈശോയുടെ മരണത്തിനു മുമ്പേ ലോകത്തിൽനിന്നു കടന്നുപോയവൻ... അങ്ങനെ ജനനത്തിനും പരസ്യജീവിതത്തിനും മരണത്തിനും ഈശോയ്ക്കു മുന്നോടിയായവൻ.

അവിശ്വാസം വരുത്തി വച്ച മൂകതയിൽനിന്നും സ്വതന്ത്രനായപ്പോൾ, വാർദ്ധക്യത്തിൽ തനിക്കു ദൈവം നല്കിയ കുഞ്ഞിനെ നോക്കി സഖറിയാ ഉദ്ഘോഷിച്ചു: "നീയോ, കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിനു വഴിയൊരുക്കാൻ അവിടുത്തെ മുമ്പേ നീ പോകും" (ലൂക്കാ 1,76). കുഞ്ഞിന്റെ വളർച്ചയുടെ ഓരോ പടവുകളിലും ഈ വാക്കുകൾ സഖറിയാ ആവർത്തിച്ചിട്ടുണ്ടാവണം. ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ബോദ്ധ്യങ്ങൾ ചെറുപ്പത്തിൽത്തന്നെ തന്റെ മനസ്സിൽ ഉറപ്പിക്കുവാൻ ആ വാക്കുകൾ യോഹന്നാന് പ്രചോദനമായിട്ടുണ്ട്. ദൈവം നല്കിയ പുത്രനെ ദൈവഹിതാനുസൃതം വളർത്താനുള്ള തങ്ങളുടെ കടമ സഖറിയാ-എലിസബത്ത് ദമ്പതികൾ നിറവേറ്റി. യോഹന്നാന്റെ ജനനംതന്നെ അവരുടെ പ്രാർത്ഥനയുടെ ഫലമാണല്ലോ: "ദൂതൻ അവനോടു പറഞ്ഞു: സഖറിയാ ഭയപ്പെടേണ്ടാ. നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും" (ലൂക്കാ 1,13). കുഞ്ഞുങ്ങൾ ജനിക്കേണ്ടത് ദൈവം യോജിപ്പിച്ച ബന്ധത്തിൽനിന്നാണെന്നും പ്രാർത്ഥനാന്തരീക്ഷമുള്ള കുടുംബത്തിൽനിന്നാണെന്നും, ലഭിക്കുന്ന കുഞ്ഞിനെ ദൈവഹിതാനുസൃതം വളർത്താനുള്ള കടമ മാതാപിതാക്കൾക്കുണ്ടെന്നുമൊക്കെയുള്ള ചിന്തകൾ കാലത്തിന്റെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടുവോ...?

"പ്രതീക്ഷയോടെയിരുന്ന ജനമെല്ലാം ഇവൻ തന്നെയോ മിശിഹാ എന്നു യോഹന്നാനെപ്പറ്റി ചിന്തിച്ചുതുടങ്ങി" (ലൂക്കാ 3,15). പ്രവാചകൻ ദൈവമല്ല; ദൈവസ്വരമാണ്. അല്പസമയത്തേയ്ക്കെ

ങ്കിലും ദൈവമാകാനുള്ള അവസരം ലഭിച്ചെങ്കിലും 'അത്യുന്നതന്റെ പ്രവാചക'നായ യോഹന്നാൻ ആ പ്രലോഭനത്തിൽ വീണില്ല. സ്ഥാനത്തിലും നേട്ടത്തിലും മത്സരത്തിലും, എന്നുതുടങ്ങി ലോകത്തിന്റെ നെറുകയിൽ എത്തിച്ചേരാവുന്ന സകലതിലും ഒന്നാമനാകാൻ ആഗ്രഹിക്കുന്നവരുടെ ഇടയിൽ വേറിട്ട ഒരു സ്വരം: "എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവന്റെ ചെരുപ്പിന്റെ കെട്ട് അഴിക്കാൻപോലും ഞാൻ യോഗ്യനല്ല" (ലൂക്കാ 3,16). സ്വന്തം അയോഗ്യതകൾ ഏറ്റുപറഞ്ഞുകൊണ്ട്, പിന്നാലെ വരുന്നവനെ ഉയർത്തിക്കാട്ടാനുള്ള വലിയ മനസ്സ്! സ്വന്തം കുറവുകൾ മറച്ചുപിടിച്ച് അപരന്റെ വിലയെയും ചെയ്തികളെയും താഴ്ത്തിക്കെട്ടാൻ വെമ്പുന്ന ലോകത്തിലെ വേറിട്ട സ്വരം... ദൈവം നല്കുന്ന നല്ല വരങ്ങളെല്ലാം ആൾദൈവങ്ങളാകാനുള്ള മാർഗമായി മാറ്റുന്നവരുടെ മുമ്പിലെ 'ഭോഷൻ'!

അണികളുടെ വലിപ്പച്ചെറുപ്പം നോക്കി സ്വന്തം വിലയെ വിലയിരുത്തുന്നവരുടെ ഇടയിൽ യോഹന്നാൻ വീണ്ടും വ്യത്യസ്തനാകുന്നു. "യോഹന്നാൻ തന്റെ ശിഷ്യന്മാരിൽ രണ്ടു പേരോടുകൂടെ നില്ക്കുമ്പോൾ ഈശോ നടന്നുവരുന്നതു കണ്ടു പറഞ്ഞു: ഇതാ, ദൈവത്തിന്റെ കുഞ്ഞാട്! അവൻ പറഞ്ഞതുകേട്ട് ആ രണ്ടു ശിഷ്യന്മാർ ഈശോയെ അനുഗമിച്ചു'' (യോഹ 1,35-37). യോഹന്നാൻ അവരെ തടഞ്ഞില്ല. സ്വന്തം പാളയത്തിലെ ശക്തി ചോരുമെന്നു കരുതി കൂടുതൽ നന്മയായതിനെ മറച്ചുപിടിക്കുന്ന, അന്യർക്കു ചെയ്യാവുന്ന നന്മയെ വിട്ടുപേക്ഷിക്കുന്ന ലോകത്തിനു മുമ്പിൽ യോഹന്നാന്റെ വേറിട്ട ശബ്ദം...

ഒരുവൻ യോഹന്നാനെ സമീപിച്ചു പറഞ്ഞു: "ഗുരോ, ... നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ, ഇതാ, ഇവിടെ സ്നാനം നല്കുന്നു. എല്ലാവരും അവന്റെ അടുത്തേക്കു പോകുകയാണ്. യോഹന്നാൻ പ്രതിവചിച്ചു: സ്വർഗത്തിൽനിന്നു നല്കപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല. ഞാൻ മിശിഹായല്ല. ... എന്റെ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു. അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3,26-30). സ്വയം കുറയുന്നതിൽ സന്തോഷത്തിന്റെ പൂർണത കണ്ടെത്തുന്നവൻ... അനുഭവപ്പെടുന്ന കുറവുകളുടെ തോതനുസരിച്ച് സന്തോഷത്തിലും കുറവുവരുന്ന ജീവിതങ്ങൾക്കു മുമ്പിൽ യോഹന്നാൻ വീണ്ടും വ്യത്യസ്തനാകുന്നു... അപരനു ലഭിക്കുന്ന നന്മകളും അവന്റെ വളർച്ചയുമെല്ലാം 'സ്വർഗത്തിൽനിന്നു നല്കപ്പെടുന്നതാണ്' (യോഹ 3,27) എന്ന ചിന്തയുണ്ടായിരുന്നെങ്കിൽ അസൂയയുടെ ഫലമായുള്ള സകല തിന്മകളും ലോകത്തിൽനിന്ന് അപ്രത്യക്ഷമായേനെ.

ഒന്നു ചീഞ്ഞാലേ മറ്റൊന്നിനു വളമാകൂ... ഇന്ന് ഓരോരുത്തരും ആയിരിക്കുന്ന അവസ്ഥയിലെത്താൻ എത്രയോ പേർ ഏതെല്ലാം രീതിയിൽ സ്വയം ഇല്ലാതായിത്തീർന്നിട്ടുണ്ടാവണം... സ്വന്തം വളർച്ചയിൽ വളമായി മാറിയ ജീവിതങ്ങളെ ഓർമ്മയുടെ തീരത്തെ ഓളങ്ങളായിപ്പോലും കടന്നുവരാൻ അനുവദിക്കാത്ത എത്രയോ പാഴ്ജന്മങ്ങളെ ഭൂമി വേദനയോടെ വഹിക്കുന്നു! വളർച്ചയിൽ താങ്ങിയ കരങ്ങളെ നന്ദിയോടെ സ്മരിച്ച്, ചെയ്യേണ്ട കടമകൾ ചെയ്താൽ കുറേ അനാഥരുടെ കണ്ണീരിനൊരറുതി വരില്ലേ?

ഫരിസേയരും സദുക്കായരും അടങ്ങിയ ജനക്കൂട്ടത്തിന്റെ നേർക്കുമാത്രമല്ല, രാജാവായ ഹേറോദേസിന്റെ നേർക്കും തിരുത്തലിന്റെ വിരൽചൂണ്ടാൻ സ്നാപകന് ഭയമുണ്ടായിരുന്നില്ല. യുവത്വത്തിന്റെ തീക്ഷ്ണത തീരുംമുമ്പേ മരണത്തിന്റെ വാൾ സ്വീകരിക്കേണ്ടി വരുമെന്നറിഞ്ഞിട്ടും ഏറ്റെടുത്ത പ്രവാചകദൗത്യത്തിനു കുറവു വരുത്താൻ യോഹന്നാൻ സ്നാപകൻ തയ്യാറായില്ല. ലഭിച്ചതും ലഭിക്കാനിരിക്കുന്നതുമായ പലതും നഷ്ടപ്പെടുമെന്ന ഭയത്താൽ തെറ്റിനു നേർക്കു കണ്ണടയ്ക്കുന്നവർക്കിടയിൽ സത്യത്തിനുവേണ്ടി നിലകൊണ്ടതിന്റെ പേരിൽ ജീവൻ ത്യജിക്കേണ്ടിവന്ന യോഹന്നാൻ വീണ്ടും വ്യത്യസ്തനാകുന്നു.

പരസ്യജീവിതത്തിൽ ഈശോയുടെ കൂടെയുണ്ടായിരുന്നവർ ഇതുപോലെയുള്ള വ്യത്യസ്തകൾ പലതു കണ്ടെത്തി. ഇപ്പോൾ അനുയാത്ര ചെയ്യുന്നവരും തിരിച്ചറിയണം, ഇത്തരം വേറിട്ട സ്വരങ്ങൾ... ദൈവപുത്രനെ അനുഗമിക്കാനാഗ്രഹിക്കുമ്പോൾ കടന്നുപോകേണ്ട വ്യത്യസ്ത വഴികൾ... അതിനാകട്ടെ ഇനിയുള്ള പരിശ്രമങ്ങൾ.

# സെനക്കിൾ തരംഗം

**മി**ശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

മിശിഹായുടെ മാമ്മോദീസായെ അനുസ്മരിക്കുന്ന ദനഹാതിരുനാളിൽ ആരംഭിക്കുന്ന ദനഹാക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. മാമ്മോദീസാ ക്രൈസ്തവജീവിതത്തിലേക്കു നമ്മെ പ്രവേശിപ്പിക്കുന്ന കൂദാശയുമാണല്ലോ. പരിശുദ്ധ ത്രിത്വം മാനവകുലത്തിനു സ്വയം വെളിപ്പെടുത്തിയത് ഈ സന്ദർഭത്തിലാണെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ട ഒരു യാഥാർത്ഥ്യമാണ്. ക്രിസ്തീയജീവിതത്തിന്റെ അന്തഃസത്ത ത്രിത്വാത്മകകൂട്ടായ്മയാണ്. ഈ കൂട്ടായ്മയുടെ ആഘോഷമായ പരിശുദ്ധ കുർബാനയിൽ ഈ കൂട്ടായ്മയെ അനുസ്മരിപ്പിക്കുന്ന പൗളൈൻ ആശീർവാദം (2 കൊറി 13,13) സഭയിലെ എല്ലാ ആരാധനക്രമങ്ങളിലുമുണ്ട്. സഭയെ ത്രിത്വത്തിന്റെ പ്രതിരൂപമെന്ന് സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നുമുണ്ട്. അതുകൊണ്ട് ത്രിയേക ദൈവത്തോടും ദൈവത്തിലുമുള്ള നമ്മുടെ ബന്ധം ഊട്ടിയുറപ്പിക്കുവാൻ ഈ കാലഘട്ടത്തിൽ നാം പ്രത്യേകം പരിശ്രമിക്കണം. ത്രിത്വത്തിലെ മൂന്നാളുകളായ പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിന്റെ കൂട്ടായ്മ നമ്മുടെ പൗരോഹിത്യകൂട്ടായ്മയിൽ പ്രതിഫലിക്കണം. നമ്മുടെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെടുന്ന സമൂഹത്തിലും ഈ കൂട്ടായ്മ പ്രതിഫലിക്കുന്നുണ്ടെന്ന് നാം ഉറപ്പുവരുത്തുകയും വേണം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

---

**വാർത്തകൾ**

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പഞ്ചവത്സര കാലഘട്ടത്തിലെ (2016-2021) പ്രാമുഖ്യങ്ങളിൽ പ്രഥമസ്ഥാനം ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കുള്ള ദൈവവിളികൾക്കാണ്. അതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യണമെന്നാണ് ജനറൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ തീരുമാനം ദൈവഹിതപ്രകാരമാണ് എന്നതിന്റെ അടയാളമെന്നോണം മാൾട്ടായിൽനിന്നും ഒരു യുവവൈദികൻ, ഫാ.ജോർജ് ജോസഫ്, ഇൻസ്റ്റിറ്റ്യൂട്ടിൽ അംഗമായിത്തീരാൻ ആഗ്രഹം പ്രകടിപ്പിച്ച് ജനറൽ മേജർ ഫാദറിന് അപേക്ഷ നല്കിയിട്ടുണ്ട്. ജനറൽ കൗൺസിലേഴ്സിന്റെ അനുവാദത്തോടെവേണം അദ്ദേഹത്തെ ഔദ്യോഗികമായി ഇൻസ്റ്റിറ്റ്യൂട്ടിൽ സ്വീകരിക്കുവാൻ (കോൺ. 43). താമസിയാതെ അദ്ദേഹത്തെ ഇൻസ്റ്റിറ്റ്യൂട്ടിലെ മെമ്പറായി സ്വീകരിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

**ജക്വീൻതാ പിതാവിന്റെ ചിന്തകളിൽനിന്നും**




**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*"ദൈവം എന്നെ സ്നേഹിച്ചു. എനിക്കുവേണ്ടി അവിടുന്ന് മരണത്തിന് സ്വയം ഏല്പിച്ചുകൊടുത്തു"* (ഗലാ 2,30).

ദൈവവിളിയുടെ മാക്സിമലിസ (പരമാവധി) ത്തെക്കുറിച്ചു പറയുമ്പോൾ വി. പത്രോസിനെപ്പോലെ "കർത്താവേ, ഇതാ ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചു. ഞങ്ങൾക്ക് എന്തുകിട്ടും"? എന്ന ചോദ്യമാണ് നമ്മുടെയും ഉള്ളിൽ ഉണ്ടാവുക. ഈ തലത്തിൽ ഒരു ഹീറോയായി അനുഭവപ്പെടുക, പ്രതിഫലം ആഗ്രഹിക്കുക എന്നതൊക്കെ വളരെ സ്വാഭാവികമായി നമ്മിലും കടന്നുകൂടാവുന്ന പ്രലോഭനമാണ്.

ദൈവവിളിയുടെ മാക്സിമലിസത്തിന്റെ ഈ പ്രശ്നത്തെ ഒന്നു തിരിച്ചിടുകയായിരിക്കും നല്ലതെന്നു തോന്നുന്നു. അപ്പോൾ ദൈവത്തിന്റെ സ്നേഹത്തിലുള്ള വിളിയുടെ മാക്സിമലിസവും, വി. പത്രോസ് ചോദിച്ച ചോദ്യവും നേരേ തിരിച്ചു ചോദിക്കാം. അതായത് ദൈവം നമ്മെ അളവില്ലാത്ത വിധത്തിൽ സ്നേഹിച്ചു. അവിടുന്നു നമ്മെ മാക്സിമം സ്നേഹിച്ചു. തന്റെ ഏകജാതനെപ്പോലും

കൊലയ്ക്കു കൊടുത്തുകൊണ്ട് സ്നേഹിച്ചു. ഈ സ്നേഹത്തിനുള്ള പ്രതിസ്നേഹമായി നമ്മുടെ വിളി തീരണം. നമ്മുടെ മറുപടിയും മാക്സിമം ആയിരിക്കണം. സമർപ്പണജീവിതം മാമ്മോദീസായിലുള്ള പ്രതിജ്ഞയുടെ തീവ്രതയിൽ ജീവിക്കുന്നതാണ്.

മാമ്മോദീസായിലെ പ്രതിജ്ഞയുടെ തീവ്രരൂപങ്ങൾ ദൈവവുമായുള്ള ബന്ധത്തിലും സഭയുമായുള്ള ബന്ധത്തിലും ലോകവുമായുള്ള ബന്ധത്തിലും പ്രകടമാകണം.

*ഈശോയുമായുള്ള ബന്ധം:* പൗലോസ് ശ്ലീഹാ പറയുന്നതുപോലെ 'അവിടുന്ന് എന്നെ സ്നേഹിച്ചു. എനിക്കുവേണ്ടി അവിടുന്ന് മരണത്തിന് സ്വയം ഏൽപിച്ചുകൊടുത്തു'. ഒന്നാമത്തെ ബന്ധം നമ്മെ അനന്തമായി സ്നേഹിച്ച ഈശോയോടുകൂടി ഉറപ്പിക്കപ്പെടുന്നു.

ഈശോ നമ്മെ ഇപ്രകാരം സ്നേഹിച്ചുവെങ്കിൽ മാമ്മോദീസായിലൂടെ ദൈവമക്കളായിത്തീർന്ന ഓരോ ക്രൈസ്തവനും പരമാവധിയിൽത്തന്നെ ഈശോയ്ക്ക് പ്രതിസ്നേഹം നൽകാനുള്ള വിളി സ്വീകരിച്ചിരിക്കുന്നു. മാമ്മോദീസായിലെ പ്രതിജ്ഞകളുടെ തീവ്രരൂപം ജീവിക്കുവാനുള്ള വിളി സ്വീകരിച്ച സമർപ്പിതരുടെ കാര്യം പ്രത്യേകം പറയേണ്ടതില്ല. അവരെ സംബന്ധിച്ച് ഈ പരമാവധിയെന്നത് 'പരമാവധിയുടെ പരമാവധി'യായി മാറും.

*സഭയോടുള്ള ബന്ധം:* ഇവിടെയും സാധാരണയായി സഭയ്ക്കു നാം കൊടുക്കുന്ന സ്നേഹത്തെക്കുറിച്ചാണ് ചിന്തിക്കുക. അല്ലാതെ സഭയ്ക്ക് നമ്മോടുള്ള സ്നേഹത്തെക്കുറിച്ച് ചിന്തിക്കുകയില്ല. ഈശോ സ്നേഹിച്ചതുപോലെ സഭയും നമ്മെ സ്നേഹിക്കുന്നു: നമ്മെ ദൈവമക്കളാക്കി ജനിപ്പിക്കുന്നു; നമുക്ക് കൂദാശകൾ പരികർമ്മം ചെയ്തുതരുന്നു; ഈശോയുടെ ശരീരരക്തങ്ങൾ നൽകുന്നു; വചനം പങ്കുവച്ചു തരുന്നു; ത്രിത്വൈക സ്നേഹത്തിന്റെ രഹസ്യങ്ങൾ നമുക്ക് പറഞ്ഞുതരുന്നു; സഭ നമ്മെ നിത്യതയിലേക്ക്, സൗഭാഗ്യപൂർണ്ണമായ രാജ്യത്തിലേക്ക് നയിക്കുന്നു. ഈ സ്നേഹത്തിന് നാം പ്രതിസ്നേഹം നൽകുന്നവരാകണം. യാതൊരു പരിധിയും കല്പിക്കാതെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ നമ്മുടെ അമ്മയായ സഭയെയും സ്നേഹിക്കണം.

*ലോകത്തോടുള്ള ബന്ധം:* ഇവിടെ ലോകം നമ്മെ സ്നേഹിക്കുന്നു എന്നു പറയാനാവില്ല. നിർഭാഗ്യവശാൽ, വി. യോഹന്നാൻ പറയുന്നതുപോലെ ലോകം തിന്മയുടെ പിടിയിലാണ്. ഈശോയെ വെറുത്ത ലോകം നമ്മെയും വെറുക്കുന്നു. ലോകത്തിന് സ്നേഹമില്ല. ലോകത്തിന് സ്നേഹം ആവശ്യമാണ്. അതുകൊണ്ട് നാം ലോകത്തിന് സ്നേഹം കൊടുക്കുന്നവരും ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവരും ലോകരക്ഷയ്ക്കായി സമർപ്പിക്കുന്നവരുമായി തീരണം.

ഈശോയുടെയും നമ്മുടെയും അമ്മയായ പരി. കന്യകാമറിയത്തെ നമുക്ക് മാതൃകയാക്കാം. അവൾ പരമാവധിയിൽ സമർപ്പിച്ചവളാണ്; അവൾ 'ഇതാ കർത്താവിന്റെ ദാസി' എന്നു പറഞ്ഞുകൊണ്ട് ഉദാരതയിൽ കർത്താവിന്റെ വിളിക്ക് മറുപടി കൊടുത്തവളാണ്; ഈശോയെ പരമാവധിയിൽ ഓരോ നിമിഷവും സ്നേഹിച്ചവളും അനുധാവനം ചെയ്തവളുമാണ്. ഈശോയിൽനിന്നു ജനിച്ചതും താൻ പ്രഥമ അംഗവുമായിത്തീർന്ന സഭയെയും അവൾ പരമാവധിയിൽ സ്നേഹിച്ചു; കുരിശിൻ ചുവട്ടിൽനിന്ന് ലോകത്തെ സ്നേഹിച്ചു പൂർണ്ണ ലോകത്തിനുവേണ്ടി തന്റെ പുത്രനോടുകൂടി ആത്മബലിയർപ്പിച്ചു.

പരി. അമ്മയിൽ നമ്മുടെ ദൃഷ്ടി ഉറപ്പിച്ചുകൊണ്ട് നമ്മുടെ ക്രൈസ്തവ - സമർപ്പിതജീവിതം കൂടുതൽ ഉദാരതയിൽ, പരമാവധിയിൽ ജീവിക്കുവാൻ വേണ്ട കൃപയ്ക്കായി അവളുടെ സഹായം യാചിച്ച് അവളിൽ ആശ്രയിക്കാം.

# താങ്ക് യൂ.... ഗോഡ് ബ്ലസ് യൂ.....

ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

എന്റെ പ്രിയ കൂട്ടുകാരീ...

നിനക്കു സുഖം തന്നെയല്ലേ... നിന്നെപ്പറ്റി കേട്ടിട്ട് എന്റെ അന്തരംഗം ദൈവസ്തുതികളാൽ നിറയുകയാണ്!! നിന്റെ പ്രേഷിതപ്രവർത്തനങ്ങളും പ്രതികരണങ്ങളും ജീവിതസാക്ഷ്യവുമൊക്ക എത്രയോ അനുഗൃഹീതവും അനുകരണീയവുമാണ്...!!!

കാരുണ്യവർഷത്തിൽ ആരോരുമറിയാതെ നീ ചെയ്ത കാരുണ്യപ്രവൃത്തികളൊക്കെ കരിങ്കല്ലുപോലെയുള്ള എത്രയെത്ര ഹൃദയങ്ങളെയാ മാനസാന്തരപ്പെടുത്തിയത്!!! "കുടുംബനവീകരണ, ലഹരിവിരുദ്ധ പ്രവർത്തനങ്ങളിലൂടെ നീ ധന്യമാക്കിയ ജീവിതങ്ങൾ..." നിന്നിലൂടെ അന്യമതസ്ഥർപോലും ഈശോയിലേക്ക് ആകർഷിക്കപ്പെട്ടപ്പോൾ, സ്വർഗ്ഗവാസികളോടൊപ്പം ആനന്ദിക്കേണ്ടതിനു പകരം അസൂയ പൂണ്ടവർ നിന്നെ അധിക്ഷേപിച്ച രംഗങ്ങളൊക്കെ ഓർമ്മചിത്രങ്ങളായി തെളിയുന്നു...



നോട്ട് പ്രതിസന്ധിയിൽ അവശർക്കായി നീ നടത്തിയ അവസരോചിതമായ ഇടപെടലുകൾ എത്ര പേരെയാണ് ആത്മാഹൂതിയിൽ നിന്ന് രക്ഷിച്ചത്...!!!

എന്നിട്ടും നിനക്കു ലഭിച്ചതോ ... പരസ്യമായ ആക്ഷേപശരങ്ങൾ!!! അധിക്ഷേപിച്ചവരോടും പരിഹസിച്ചവരോടുമുള്ള നിന്റെ മറുപടിയും മനോഭാവവുമാണ് എന്റെ ജീവിതത്തിലും മാറ്റം വരുത്തിയത്...

"താങ്ക് യു... ഗോഡ് ബ്ലസ് യു..."!!! പ്രിയ സുഹൃത്തേ....

"അവർ എങ്ങനെ വിശുദ്ധരായി" എന്ന പുസ്തകം വായിച്ചപ്പോഴാണ് വരികൾക്കിടയിലൂടെ നിന്റെ രൂപഭാവങ്ങൾ മിന്നിത്തെളിഞ്ഞത്. ഇവരെപ്പോലെ തന്നെയാ നീയും...

വിശുദ്ധരെയും രക്തസാക്ഷികളെയും പ്രത്യേകമായി അനുസ്മരിക്കുന്ന ഈ ദനഹാക്കാലത്തിൽ ജീവിക്കുവാനായി ഒരിക്കൽകൂടി ഞാൻ ആവർത്തിക്കട്ടെ.

വിശുദ്ധ ഫൗസ്തീനായുടെ രോഗാവസ്ഥയിൽ ഇത് വെറും തട്ടിപ്പും കാപട്യവും നാടകവുമാണെന്ന് പറഞ്ഞ് കൂടെയുള്ളവർ തെറ്റിദ്ധരിച്ച് വേദനിപ്പിച്ചു. പിശാചുബാധിത എന്നുപോലും വിളിക്കപ്പെട്ടു.

വിശുദ്ധ പാദ്രേ പിയോയ്ക്ക് പഞ്ചക്ഷതം ഉണ്ടായതോടെ സംശയത്തിന്റെയും തെറ്റിദ്ധാരണയുടെയും പേരിൽ പരസ്യമായി ചൊല്ലാറുള്ള വി. കുർബാനപോലും വിലക്കപ്പെട്ടു.

വിശുദ്ധ ജോൺ മരിയ വിയാനിയെ അധാർമ്മികൻ എന്ന് പേരു വിളിച്ച് കളിയാക്കി. സഹവൈദികരാൽ പോലും സംശയിക്കപ്പെട്ടു. കുമ്പസാരം മുടക്കി... വിശുദ്ധ ജോസഫ് കുപ്പർട്ടിനോയെ മണ്ടനെന്നും വാ പൊളിയനെന്നും വിളിച്ച് കളിയാക്കിയിരുന്നു. വി. ഡാമിയനെയും ഡോൺ ബോസ്കോയെയും ഭ്രാന്തൻ എന്ന് വിളിച്ചവരുണ്ട്.

വി. നിക്കോളാസ് ആരും കാണാതെ പാവപ്പെട്ട വീട്ടിൽ കൊണ്ടുപോയി പണം വരെ കൊടുക്കുമായിരുന്നു. വാങ്ങുന്നവർപോലും അറിയാതിരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു അതിന്റെ പേരിൽ ഒരു നന്ദിവാക്കോ ഒരു പുഞ്ചിരിയോപോലും ലഭിക്കാൻ വിശുദ്ധൻ ആഗ്രഹിച്ചില്ല.

അമ്പുകളേറ്റ് പിടഞ്ഞപ്പോഴും വി. സെബസ്ത്യാനോസ് പരാതി പറഞ്ഞില്ല... വിശ്വാസം ഉപേക്ഷിച്ചില്ല. ഒരിക്കലും ചെയ്യാത്ത, മനസ്സറിയാത്ത കുറ്റത്തിന് വി. ഇഗ്നേഷ്യസ് ലയോള പലവട്ടം ജയിലിലടയ്ക്കപ്പെട്ടിട്ടുണ്ട്.

വി. ജോൺ ബ്രിട്ടോ തന്റെ കഴുത്ത് നീട്ടിക്കൊടുത്തുകൊണ്ട് ആരാച്ചാരോട് പറഞ്ഞു: "സ്നേഹിതാ, താങ്കളുടെ ജോലി ചെയ്താലും", ഈശോയാകുന്ന സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ വിശുദ്ധൻ ഏറെ ആഗ്രഹിച്ചു. രക്തസാക്ഷിത്വം നഷ്ടപ്പെടാതിരിക്കാൻ പ്രാർത്ഥിച്ചു. വി. ജോനാസിനെ പൊക്കിൾകൊടിയിൽ കുന്തം കയറ്റിയും വിരൽ മുറിച്ചും തലയിലെ തൊലി ഉരിഞ്ഞുകളഞ്ഞും പ്രസ്സ് യന്ത്രത്തിൽ കിടത്തി ചതച്ചുമാണ് കൊന്നത്. ഈശോയ അറിയില്ല എന്ന് പറഞ്ഞിരുന്നെങ്കിൽ തുടർന്നും ജീവിക്കാമായിരുന്നു.

ജീവിതയാത്രയിൽ കയ്പേറിയ അനുഭവങ്ങൾ തിരമാലകൾ പോലെ വന്നപ്പോഴും അവർ ഈശോയെ ഉപേക്ഷിച്ചില്ല. ഉപദ്രവിച്ചവരെ ചേർത്തുനിർത്തി പറഞ്ഞു: താങ്ക് യു.... ഗോഡ് ബ്ലസ് യു...

ഈശോയിൽ കൂടുതൽ ആശ്രയിച്ചു....

ഈശോയെ കൂടുതൽ സ്നേഹിച്ചു.

ഈശോ അറിയാതെ ഒന്നുംതന്നെ തങ്ങളുടെ ജീവിതത്തിൽ സംഭവിക്കുകയില്ലെന്നും എന്തെല്ലാം സംഭവിച്ചാലും അത് തങ്ങളുടെ നന്മയ്ക്കാണെന്നും വിശുദ്ധർക്ക് അറിയാമായിരുന്നു.

മുറിവേൽക്കുമ്പോഴും മുറിപ്പെടുത്തിയവരെ സ്നേഹിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും വിശുദ്ധർ കാണിച്ച ആദ്ധ്യാത്മികത എത്രയോ അത്ഭുതാവഹമാണ്. ഇഹലോകത്തിലെ നശ്വരമായ ആനന്ദത്തെക്കാൾ പരലോകത്തിലെ നിത്യാനന്ദം അവർ മുൻകൂട്ടി അറിഞ്ഞു; വിശ്വസിച്ചു.

ഇനി എന്റെ ഊഴം. ക്രൈസ്തവവിശ്വാസം ജീവിക്കാൻ ഏറെ വെല്ലുവിളികൾ ഉയരുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധരെപ്പോലെ ജീവിക്കാൻ സഭാമാതാവിനോട് ചേർന്ന് ഞാനും പ്രാർത്ഥിക്കട്ടെ...

"മമനാമത്തിൽ നരരാലെ
നിങ്ങൾ നിന്ദിതരാകുമ്പോൾ
നിങ്ങൾക്കെതിരായീമന്നിൽ
വ്യാജാരോപണമുയരുമ്പോൾ
ആനന്ദിക്കുവിനാമോദം
തിരതല്ലും മനതാരോടെ
പെരുകുന്നു പരലോകത്തിൽ
പ്രതിസമ്മാനം, നിങ്ങൾക്കായ്"

(ദനഹാക്കാലം - വെള്ളി, ഓനീസാ ദ്‌റംശാ)

# ഒളിച്ചോട്ടം



റ്റെസ്സി കറുകപ്പറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഇന്നിന്റെ മനുഷ്യൻ വ്യർത്ഥ ചിന്തകളാൽ തന്റെ ജീവിതത്തെ മുന്നോട്ട് നയിക്കുകയാണ്. ഈ ജീവിതത്തെ നിയന്ത്രിക്കുന്ന, അതിന്റെ ചരട് വലിക്കുന്ന നല്ല ദൈവത്തെ അവൻ മറന്നുപോയിരിക്കുന്നു. ദൈവത്തിന്റെ ഇഷ്ടത്തെ നിരാകരിച്ച് ഒളിച്ചോടുന്ന പ്രവാചകന്റെ ദുരവസ്ഥയിലാണ് ഇന്ന് നമ്മുടെയെല്ലാം ജീവിതം. യോനാപ്രവാചകനെ ദൈവം ഒരു ദൗത്യം ഏല്പിച്ചപ്പോൾ അദ്ദേഹം സ്വന്തം ബുദ്ധി കൊണ്ട് ചിന്തിച്ച് നിനിവേയിലേക്ക് പോകാതെ താർസീസിലേക്ക് കപ്പൽ കയറുകയാണ്. ദൈവത്തിന്റെ ശബ്ദത്തിൽ നിന്നുപോലും ഒളിച്ചോടുന്ന പ്രവാചകൻ!

ജീവിതപ്രശ്നങ്ങളിൽനിന്നും ഒളിച്ചോടുവാനുള്ള മനുഷ്യന്റെ ആഗ്രഹമാണ് ആത്മഹത്യ, മദ്യം, മയക്കുമരുന്ന് തുടങ്ങി ജീവിതം നശിപ്പിക്കുന്ന വിവിധ കാര്യങ്ങളിലേക്ക് എത്തിക്കുന്നത്. സന്തോഷം തേടിയുള്ള അവന്റെ യാത്ര അവസാനിക്കുന്നതോ പലപ്പോഴും ദുരിതങ്ങളിലും. ഒത്തിരി കാര്യങ്ങൾ ചെയ്യാനുള്ള ആവേശവുമായി ഓടി നടക്കുമ്പോഴായിരിക്കും, ദൈവം നമ്മെ വലിയ ഒരു രോഗാവസ്ഥയിലൂടെ കടത്തിവിടുക.

ഒരു കൂരയ്ക്കു കീഴിൽ എല്ലാവരും ഇന്ന് അന്യരെപ്പോലെ ജീവിക്കുന്നു. ഓരോരുത്തരും സ്വന്തം

കാര്യങ്ങളെക്കുറിച്ച് വ്യഗ്രതപ്പെടുന്നു. മക്കളെ മനസ്സിലാക്കാൻ മാതാപിതാക്കൾക്കോ, മാതാപിതാക്കളെ മനസ്സിലാക്കാൻ മക്കൾക്കോ സാധിക്കുന്നില്ല.

ദർശനങ്ങളില്ലാത്തവൻ ജീവിതത്തിൽനിന്നും ഒളിച്ചോടുന്നവനാണ്. നിനവേയുടെ മാനസാന്തരത്തിനായി പ്രവർത്തിക്കേണ്ട യോനാ അതിനു കാലതാമസം വരുത്തിയപ്പോൾ ആ നഗരത്തിനു ലഭിക്കേണ്ട കാരുണ്യത്തിനും കാലതാമസം വരുത്തി. "എന്നാൽ യോനാ കപ്പലിന്റെ ഉള്ളറയിൽക്കിടന്ന് ഉറങ്ങുകയായിരുന്നു" (യോനാ 1,5). കൊടുങ്കാറ്റ് വന്നിട്ടും, കപ്പൽ മുങ്ങുമെന്നായിട്ടും കഠിനഹൃദയനായി, നിസ്സംഗനായി യോനാ കപ്പലിൽ ഉറങ്ങുകയാണ്.

ദൈവിക വഴികളിൽനിന്ന് അകന്നുപോയ ഓരോ വ്യക്തിയുടെയും ജീവിതത്തിൽ സംഭവിക്കുന്നവയാണിതെല്ലാം. പരാജയങ്ങൾ ജീവിതത്തെ എന്നന്നേക്കുമായി തകർക്കുമെന്നും, പരാജിതർക്ക് നിലനില്പില്ല എന്ന വാദഗതിയും ശക്തമായ കാലഘട്ടമാണിത്. എല്ലാവിധ തിന്മകളിലും മുഴുകി എട്ടുംപൊട്ടും തിരിയാത്ത കുട്ടികളെപ്പോലെ പരാജിതരായ ഒരു ജനസമൂഹത്തിലേക്കാണ് ദൈവം യോനായെ അയയ്ക്കുന്നത്. ദൈവിക പദ്ധതികളെ മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയാത്ത നമ്മുടെ പ്രതിനിധിയായി യോനായെ കാണാൻ കഴിയും. അവർക്ക് മാനസാന്തരമുണ്ടാകില്ലെന്നും, വെറുതേ തന്റെ സമയം നഷ്ടമാകുമെന്നുമാണ് യോനാ ചിന്തിക്കുന്നത്. അതുകൊണ്ടാണല്ലോ കപ്പൽ മുങ്ങിത്താഴുമ്പോൾ, കപ്പലിലെ ഭാരങ്ങൾ ഒന്നൊന്നായി കടലിലേക്ക് കപ്പിത്താൻ എറിയുമ്പോൾ യോനാ അസ്വസ്ഥനാകുന്നത്. ചില പൊളിച്ചെഴുത്തുകൾ എല്ലാവരുടെയും ജീവിതത്തിൽ അനിവാര്യമാണ്.



ചില ദുരന്തങ്ങൾ, വേർപാടുകൾ, ബലഹീനതകൾ, തെറ്റായ തീരുമാനങ്ങൾ... ഒന്നും നിന്നെ തകർക്കാൻ അനുവദിക്കരുത്. ചില തോൽവികളിലൂടെ ജീവിതത്തെ തിരിച്ചുപിടിച്ചവരെയല്ലേ നാം കൂടുതൽ ഓർമ്മിക്കുക. അതിനാൽ നമുക്ക് ദൈവിക പദ്ധതിക്ക് വിട്ടുകൊടുക്കാം. അവിടുത്തെ ഇഷ്ടങ്ങൾ നമ്മിൽ ഫലമണിയാനായി നിയോഗങ്ങളിൽനിന്നും ദൗത്യങ്ങളിൽനിന്നും ഒളിച്ചോടാതിരിക്കാം. "മനുഷ്യമാധ്യമങ്ങളെ അതിജീവിക്കുന്ന ഒരു ശക്തിക്കായിട്ടുള്ള ആവശ്യം അവനിൽ രൂഢമൂലമാകുമ്പോഴാണ് ദൈവത്തിങ്കലേക്ക് മനുഷ്യൻ തിരിയുന്നത്". (ദൈവദാസൻ ബിഷപ് വില്യം ജക്വീൻതാ).

*ദനഹാതിരുനാളിന്റെ തലേരാത്രിയിൽ മലബാർ ക്രിസ്ത്യാനികളുടെയിടയിൽ പ്രചാരത്തിലിരുന്ന രണ്ട് ആചാരങ്ങളാണ് രാക്കുളിയും പിണ്ടികുത്തിതിരുനാളും.*




റപ്പായി ജി. കൂനൻ
മുള്ളുണ്ട്, മുംബൈ

**വി.** അന്തോനീസിന്റെ പ്രസംഗങ്ങൾ പ്രസിദ്ധങ്ങളായിരുന്നു. കാരണം, അവ അത്രയ്ക്കു മനോഹരമായിരുന്നു. ദൈവവചനങ്ങളുടെ സവിശേഷശക്തി മറ്റുള്ളവരിലേക്കു പകർന്നു നൽകുവാൻ ഈ പ്രസംഗങ്ങൾക്കു കഴിഞ്ഞിരുന്നു. ലളിതമായിരുന്നു ഭാഷ; എന്നാൽ ഗഹനമായിരുന്നു വിഷയങ്ങൾ. അല്പസ്വല്പം നർമ്മം കലർത്തി, സാധാരണക്കാരനു മനസ്സിലാകും വിധമായിരുന്നു അദ്ദേഹത്തിന്റെ വാചാലത.

ഒരിക്കൽ, തന്റെ വീട്ടിൽനിന്നു വളരെ അകലെയല്ലാത്ത ഒരു സ്ഥലത്ത് വി. അന്തോനീസ് എത്തുന്നുണ്ടെന്നറിഞ്ഞ പെക്കിംങ് എന്നു പേരായ ഒരു വീട്ടമ്മയ്ക്ക്, അദ്ദേഹത്തിന്റെ പ്രസംഗം നേരിൽ കേൾക്കാൻ അതിയായ ആഗ്രഹം ഉണ്ടായി. എന്നാൽ, രണ്ടു മൈലെങ്കിലും ദൂരമുള്ള ആ സ്ഥലത്തേക്കു പോകുവാൻ ആ സ്ത്രീക്കു സാധിച്ചില്ല. കാരണം, അവളുടെ ഭർത്താവ് കലശലായ രോഗം പിടിപ്പെട്ട് തീർത്തും അവശനായി കിടപ്പിലായിരുന്നു.

യോഗസ്ഥലത്തിനു നേരെ കണ്ണുംനട്ട് ആ സ്ത്രീ ഭർത്താവു കിടക്കുന്ന മുറിയുടെ ജനാലയ്ക്കരികിൽ ഇരുന്നു. വിശുദ്ധ അന്തോനീസിന്റെ പ്രസംഗം കേൾക്കാൻ കാതോർത്തുകൊണ്ട്. ആ ഇരിപ്പ് എത്രനേരം തുടർന്നുവെന്ന് അവൾക്കറിയില്ല. എന്നാൽ, എപ്പോഴോ യോഗസ്ഥലം മെല്ലെ പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. ക്രമേണ അവർക്കു വ്യക്തമായി എല്ലാം കാണുവാൻ സാധിച്ചു. തുടർന്നു പ്രസംഗം കേൾക്കുവാനും അവൾക്കു കഴിഞ്ഞു. ആദ്യമൊന്നും അവളുടെ ഭർത്താവിന് ഒന്നും വ്യക്തമായില്ല.

എന്നാൽ നിർബന്ധിച്ചപ്പോൾ പിന്നീട് അയാൾക്കും വി. അന്തോനീസിന്റെ പ്രസംഗം വ്യക്തമായി കേൾക്കുവാൻ കഴിഞ്ഞു.

കാഴ്ച ദൈവികമാണെങ്കിൽ കേൾവിയും അങ്ങനെതന്നെ. തുറന്ന മനസ്സും നിഷ്കളങ്കതയും ഉണ്ടെങ്കിൽ മറഞ്ഞിരിക്കുന്ന ദൈവികപുണ്യങ്ങളെ നേരിൽ കാണുവാൻ നമുക്കു സാധിക്കും. പ്രത്യക്ഷത്തിലുള്ളതിനെക്കാൾ എത്രയോ മടങ്ങാണ് പരോക്ഷമായി നിലനിൽക്കുന്നത് ഈ പ്രപഞ്ചത്തിൽ! ജ്ഞാനകണ്ണുകളിൽ കൂടി നോക്കിയാൽ നമുക്കെല്ലാം വ്യക്തമാകും.

**ദനഹാക്കാലത്തിലെ**
**വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നവർ**

1-ാം വെള്ളി: സ്നാപകയോഹന്നാൻ
2-ാം വെള്ളി: പത്രോസ്-പൗലോസ്ശ്ലീഹന്മാർ
3-ാം വെള്ളി: സുവിശേഷകന്മാർ
4-ാം വെള്ളി: എസ്തപ്പാനോസ്
5-ാം വെള്ളി: ഗ്രീക്ക് മല്പാന്മാർ
6-ാം വെള്ളി: സുറിയാനിമല്പാന്മാർ
7-ാം വെള്ളി: മരിച്ച വിശ്വാസികൾ

**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

പ്രതീക്ഷകളുടെ പൂമൊട്ടിനു നല്കിക്കൊണ്ടിരിക്കുന്ന എല്ലാ സഹായങ്ങൾക്കും ഏറെ നന്ദി. വരിസംഖ്യാകാലാവധി അവസാനിച്ചിരിക്കുന്നവർ എത്രയും പെട്ടെന്നുതന്നെ അതു പുതുക്കി ഞങ്ങളെ സഹായിക്കുമല്ലോ (വാർഷിക വരിസംഖ്യ 100 രൂപ). ഞങ്ങളുടെ ഈ ശുശ്രൂഷയെ സാമ്പത്തികമായി സഹായിക്കാനാഗ്രഹിക്കുന്നവരിൽനിന്ന് സംഭാവനയും പ്രതീക്ഷിക്കുന്നു. വരിസംഖ്യയും സംഭാവനയും മണിയോഡർ/ചെക്ക് ആയി അയയ്ക്കുകയോ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയോ ആവാം.

(South Indian Bank, Kanjikuzhy
Account Name: Pratheekshayude Poomottukal
Account No: 0315053000014349
IFSC : SIBL0000315)

അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യുന്നവർ തങ്ങളുടെ അഡ്രസ് ഫോൺ വഴിയോ ഇ.മെയിൽ മുഖേനയോ അറിയിക്കുവാൻ മറക്കരുതേ
(Ph: 9497588192
email: psmktm@gmail.com)

നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഈ പ്രേഷിതശുശ്രൂഷയെയും ഉൾപ്പെടുത്തണമേ.

കവിത

# യേശുവേ നിന്നെ കാണാൻ....

**സേവ്യർ മുല്ലക്കാനം**
**ജോസ്ഗിരി, ഇടുക്കി**



യേശുവേ നിന്നെ കാണാൻ
എത്ര നാളായി ഞാൻ കൊതിപ്പൂ
നിന്നോടൊത്തൊന്നു ചേരാൻ
നിന്നിൽ ഒന്നായി അലിയാൻ
യേശുവേ നിന്നെ.....

കന്മഷം നിറയുമെൻ ഹൃദയത്തിൻ അന്ധത
മായ്ക്കണമേയെൻ ജീവനാഥാ
ജീവത്പ്രകാശം തെളിക്കുമാറാകണേ
അന്ധതയിൽ ഞാൻ വീണിടാതെ
യേശുവേ നിന്നെ.....

കദനം നിറയുമെൻ ജീവിത നൗകയെ
തുഴയാനെനിക്കൊരു തുണ നീയാകണേ,
ആഴിയിൽ താഴാതെ കാത്തീടണേ
കേപ്പായെ താഴാതെ കാത്തവനേ
യേശുവേ നിന്നെ.....

നീ വരും നേരമെൻ കണ്ണുനീർ മാറിടും
ദുഃഖങ്ങൾ മാറി ഞാൻ ദൈവസുതനാകും
യേശുവേ വേഗം വന്നീടണേ
നിന്നിൽ ഞാനും ചേർന്നീടട്ടെ
യേശുവേ നിന്നെ.....

പ്രതീക്ഷയുടെ പൂമൊട്ടുകൾ



വിചാരണ

# കൂടെനിന്ന് ആണിയടിക്കുന്നവർ

**ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**കാഞ്ഞിരപ്പള്ളി രൂപത**



**വാ**ർത്തകളും വാർത്താവിശകലനങ്ങളും അഭിപ്രായങ്ങളുമെല്ലാം നിമിഷങ്ങൾക്കൊണ്ട് ലോകംമുഴുവൻ എത്തിക്കുന്ന സോഷ്യൽ മീഡിയാ എന്ന അത്ഭുതകരമായ ആയുധം ഇന്ന് സമൂഹത്തിൽ ഒഴിവാക്കാനാവാത്ത ഒന്നായി മാറിയിരിക്കുന്നു. നന്മയുടെ വളരെയധികം സാദ്ധ്യതകളുള്ളപ്പോൾത്തന്നെ അതിന് നാശകരമായ ചില രൂപങ്ങളുമുണ്ടെന്ന് അനുദിനം നാം കണ്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ഇതുപോലൊരു അനുഭവം കണ്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ കുറിപ്പുകൾ. ഇടുക്കി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് തന്റെ രൂപതയിലെ വിശ്വാസികൾക്കുവേണ്ടി പുറപ്പെടുവിച്ച ഒരു സർക്കുലറായിരുന്നു വിഷയം. കത്തോലിക്കാസഭയുടെ പ്രബോധനങ്ങളെയും പഠനങ്ങളെയും ഹൃദയത്തോടു ചേർത്തുപിടിക്കുക മാത്രമല്ല അത് ധൈര്യപൂർവം സമൂഹത്തിലേയ്ക്ക് പ്രസരിപ്പിക്കുകയും ചെയ്യുകയെന്ന തന്റെ ഇടയനടുത്ത ദൗത്യത്തോട് എന്നും സത്യസന്ധത പുലർത്തുന്ന മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് "തിരുപ്പിറവിയും ശിശുക്കളുടെ ജനനവും" എന്ന പേരിൽ ക്രിസ്തുമസിന്റെ പശ്ചാത്തലത്തിൽ ഇടുക്കി രൂപതയിലെ വിശ്വാസികൾക്ക് നല്കിയ ഇടയസന്ദേശം ഈ കാലഘട്ടത്തിന്റെ പ്രവാചകശബ്ദമാണ്. എന്നാൽ ആ സർക്കുലറിന്റെ പല പേജുകളിൽനിന്ന് പല വാക്കുകൾ തിരഞ്ഞെടുത്ത് ഒരു വാചകമായി രൂപപ്പെടുത്തി 'ക്രിസ്ത്യാനികൾ മത്സരബുദ്ധിയോടെ കുഞ്ഞുങ്ങളെ ജനിപ്പിക്കണമെന്ന്' ഇടുക്കി ബിഷപ് ആഹ്വാനംചെയ്തു എന്ന് സോഷ്യൽ മീഡിയായിലും മറ്റു ചില മാധ്യമങ്ങളിലും പ്രചരിപ്പിക്കുകയും അതിന്റെ പേരിൽ അഭിവന്ദ്യ പിതാവിനെ അവഹേളിക്കുന്ന തരത്തിൽ ട്രോളുകൾ നിരത്തുകയും ചെയ്ത തികച്ചും അധാർമ്മികമായൊരു മാധ്യമവേലയാണ് കഴിഞ്ഞ ദിവസങ്ങളിൽ കാണുവാനിടയായത്.

ഒരുപക്ഷേ കഴിഞ്ഞകാല രാഷ്ട്രീയ സാമൂഹിക പശ്ചാത്തലത്തിൽ ഇടുക്കിമെത്രാൻ ചിലരുടെയെങ്കിലും ഒരു ടാർജെറ്റ് ആയിരിക്കാം. അതുകൊണ്ടുതന്നെയായിരിക്കും അവസരം കിട്ടുമ്പോളും അവസരമുണ്ടാക്കിയും പിതാവിനെതിരെ മാധ്യമവാർത്തകൾ സൃഷ്ടിക്കപ്പെടുന്നത്. എന്നാൽ അതു തിരിച്ചറിഞ്ഞോ അറിയാതെയോ വിശ്വാസി

കളെന്നഭിമാനിക്കുന്നവരും അവരുടെ പക്ഷം ചേരുന്നതാണ് നിർഭാഗ്യകരം. പിതാവിനെ സമൂഹമദ്ധ്യത്തിൽ അവഹേളിതനാക്കാൻ ചിലർ അത്തരം വൃത്തികെട്ട വഴികൾ സ്വീകരിച്ചപ്പോൾ ചില വിശ്വാസികളും അതേറ്റു പാടുകയും സോഷ്യൽ മീഡിയായിലൂടെ ആഘോഷിക്കുകയും ചെയ്തതായി കണ്ടു. സ്വന്തം അപ്പൻ മക്കൾക്ക് നന്മയുടെ പാത ഗുണദോഷിക്കുമ്പോൾ മാറിനിന്ന് കൊഞ്ഞനംകുത്തുന്ന മക്കൾ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇതൊരത്ഭുതമൊന്നുമല്ല. പക്ഷേ ആരെങ്കിലും സത്യവിരുദ്ധമായ പ്രസ്താവനകൾ നടത്തി ബോധപൂർവം ഒരു വ്യക്തിയെ അപമാനിക്കാൻ ശ്രമിക്കുമ്പോൾ അതിനു കുടപിടിച്ചുകൊടുക്കുന്ന ചിലരുടെയെങ്കിലും ശൈലി അന്തസിനു നിരക്കാത്തതാണ്.

സോഷ്യൽ മീഡിയാ എന്ന പേരിൽ പരസ്യമായ അഭിപ്രായപ്രകടനത്തിനുള്ള ഒരു ആയുധം കൈയിലുള്ളതിനാൽ എന്തും പറയാനും എഴുതാനും കഴിയും എന്നുള്ള ധാരണ തിരുത്തപ്പെടേണ്ടതുതന്നെയാണ്. മിക്കപ്പോഴും തെരുവുകളിലെ മാലിന്യക്കൂമ്പാരം പോലെയായിത്തീരുന്ന സോഷ്യൽ മീഡിയായുടെ പേജുകളിൽ പ്രത്യക്ഷപ്പെടുന്നതെല്ലാം യാതൊരു വിവേചനയുംകൂടാതെ പ്രചരിപ്പിക്കുകയും അതിനെക്കുറിച്ച് അഭിപ്രായപ്രകടനം നടത്തുകയും ചെയ്യുമ്പോൾ വാർത്തകളും അഭിപ്രായങ്ങളും സത്യത്തിന്റെ പ്രകാശമുള്ളതായിരിക്കണമെന്നുള്ള അടിസ്ഥാനവിദ്യാഭ്യാസമില്ലാത്തവർ ആ പണിക്കുപോകാതിരിക്കണം. സഭയെയും സഭാധികാരികളെയും അസത്യപ്രചാരണം നടത്തി മാലിന്യാഭിഷേകം നടത്തുന്നവരുടെ കൂടെ നിന്ന് ആണിയടിക്കുന്നവരായിത്തീരാൻ വിശ്വാസികൾക്കെങ്ങനെ സാധിക്കും!

ഏതായാലും കല്ലേറ് സ്വീകരിക്കുക എന്നത് സത്യത്തിന്റെ പക്ഷത്തു നില്ക്കുന്നവന്റെ അവകാശമാണ് എന്ന ബോദ്ധ്യമാണ് അഭിവന്ദ്യ പിതാവിനെ നയിക്കുന്നത് എന്ന് കാലാകാലങ്ങളിൽ വിവിധ വിഷയങ്ങളോട് അദ്ദേഹം സ്വീകരിക്കുന്ന ഉറച്ച നിലപാടുകളും വാക്കുകളും തെളിയിക്കുന്നു. കൂടെനില്ക്കേണ്ടവരും പിന്തുണയ്ക്കേണ്ടവരും 'ആരോഗ്യപരമായ' നിശബ്ദത പാലിക്കുമ്പോഴും പറയേണ്ടതു പറഞ്ഞുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ ബോദ്ധ്യങ്ങൾ സഭയുടെ പഠനങ്ങൾ തന്നെയാണ്. അതുകൊണ്ടുതന്നെ സഭയുടെ മനസാക്ഷിയുടെ ആ സ്വരത്തെ തളർത്തുവാൻ ഇപ്രകാരമുള്ള കുത്സിതശ്രമങ്ങൾക്കാവില്ലെന്ന് കാലം ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

വിശ്വാസികളായിട്ടുള്ളവരോട് ഒരപേക്ഷമാത്രം. ഇതുപോലുള്ള സത്യവിരുദ്ധമായ പ്രചാരണങ്ങൾക്കെതിരെ പ്രതികരിക്കണമെന്നു പറയുന്നില്ല. കാരണം അപ്രകാരമുള്ള പ്രതികരണമൊക്കെ ആരെങ്കിലും പറഞ്ഞിട്ട് ഉണ്ടാകേണ്ടതല്ല. അതു സഭയെയും സത്യത്തെയും സ്നേഹിക്കുന്നവരുടെ ഹൃദയത്തിൽ സ്വാഭാവികമായി ഉണ്ടാകേണ്ടതാണ്. എന്നാൽ സത്യമായ ദൈവത്തെ ആരാധിക്കുന്നവരായ നമുക്ക് ഇതുപോലുള്ള സത്യങ്ങളുടെ പ്രഘോഷണങ്ങളെ വന്ദിച്ചില്ലെങ്കിലും നിന്ദിക്കാതിരിക്കാം.

*ദനഹാതിരുനാളിന്റെ തലേരാത്രിയിൽ അടുത്തുള്ള കുളത്തിലോ അരുവിയിലോ പോയി, കർത്താവ് മാമ്മോദീസാ സ്വീകരിച്ചതിനെ അനുസ്മരിച്ച് നടത്തുന്ന കുളിയാണ് 'രാക്കുളി' എന്നറിയപ്പെടുന്നത്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുസ്മരിച്ചുകൊണ്ട് വീടിന്റെ മുറ്റത്ത് തയ്യാറാക്കിയ വാഴപ്പിണ്ടിയിൽ തിരികൾ കൊളുത്തി 'ഏൽപയ്യ' പാടിയാണ് പിണ്ടികുത്തി തിരുനാൾ ആഘോഷിച്ചിരുന്നത്. ഈ പതിവ് ഇന്നും പലയിടങ്ങളിലും തുടർന്നു വരുന്നു.*

പ്രതീക്ഷയുടെ പൂമൊട്ടുകൾ




**മോളി വീമ്പനാടിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പരി. കന്യകാമറിയമേ, ഞങ്ങളുടെ നല്ല അമ്മേ, ഈ ജപമാല രഹസ്യങ്ങൾ കൂപ്പുകരങ്ങളോടെ ഞങ്ങളർപ്പിക്കുമ്പോൾ നിത്യപ്രകാശമായ അമ്മയുടെ ദിവ്യസുതനോട് ഒന്നായിച്ചേരുവാൻ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ. ആമ്മേൻ

**ഒന്നാം ദിവ്യരഹസ്യം:** *ദൈവവചനത്തിന്റെ പ്രകാശത്തിൽ ദൈവഹിതം തിരിച്ചറിഞ്ഞ പരി. അമ്മയെ നമുക്കു ധ്യാനിക്കാം*

ദൈവവചനത്തിന്റെ പ്രകാശത്തിൽ ദൈവഹിതം തിരിച്ചറിഞ്ഞ പരി. അമ്മേ, ഞങ്ങളിലുള്ള പാപ ബന്ധനങ്ങളാകുന്ന അന്ധകാരശക്തികളെ ദൂരെയെറിഞ്ഞ് പ്രകാശത്തിൽ ജീവിക്കുവാൻ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ...10 നന്മ... 1 ത്രിത്വ...

**രണ്ടാം ദിവ്യരഹസ്യം:** *പരി. ആത്മാവിന്റെ കൃപാവരങ്ങളോട് സഹകരിച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം*

പരി. ആത്മാവിന്റെ പ്രവർത്തനത്തിന് ജീവിതം കാഴ്ചവെച്ച് ലോകത്തിന്റെ പ്രകാശമായ രക്ഷ കനെ പ്രദാനം ചെയ്ത പരി. അമ്മേ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് ജീവിതം വിട്ടുകൊടുക്കു വാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ...10 നന്മ... 1 ത്രിത്വ...

**മൂന്നാം ദിവ്യരഹസ്യം:** *ദൈവികജ്ഞാനത്താൽ നിറഞ്ഞ പരി. അമ്മയെ നമുക്കു ധ്യാനിക്കാം*

'എല്ലാ ജ്ഞാനവും ദൈവഭക്തിയിലടങ്ങുന്നു' എന്ന് മനുഷ്യകുലത്തിന് സ്വജീവിതത്തിലൂടെ വെളി പ്പെടുത്തിയ പരി. അമ്മേ, ഞങ്ങളും ദൈവികജ്ഞാനത്താൽ നിറയുവാൻ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ. 1 സ്വർഗ്ഗ...10 നന്മ... 1 ത്രിത്വ...

**നാലാം ദിവ്യരഹസ്യം:** *ലോകത്തിന് പ്രകാശമായി സ്വർഗ്ഗീയറാണിയായി പ്രശോഭിച്ച പരി.അമ്മയെ നമുക്കു ധ്യാനിക്കാം*

സ്വർഗ്ഗീയ പിതാവിന്റെ  പ്രിയ പുത്രിയായി സൂര്യനെ ഉടയാടയാക്കി ചന്ദ്രനെ പാദപീഠമാക്കി 12 നക്ഷത്രങ്ങളെ കിരീടമാക്കി ലോകത്തിന്റെ റാണിയായി എന്നും ശോഭിക്കുന്ന പരി. അമ്മേ, യഥാർത്ഥ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ എന്നെന്നും ശോഭിക്കുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ...10 നന്മ... 1 ത്രിത്വ...

**അഞ്ചാം ദിവ്യരഹസ്യം:** *ദൈവകരുണയുടെ അമ്മയായ പരി. മറിയത്തെ നമുക്കു ധ്യാനിക്കാം.*

ഒരിക്കലും അസ്തമിക്കാത്ത ദൈവസ്നേഹവും കരുണയും മനുഷ്യകുലത്തിന് നൽകുവാൻ ജീവിതം സമർപ്പിച്ച പരി. അമ്മേ, മാതാവേ, സ്നേഹത്തിന്റെ, കരുണയുടെ പ്രകാശകിരണങ്ങളാകു വാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ...10 നന്മ... 1 ത്രിത്വ...



**വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമല
ഹൃദയമേ
വിശുദ്ധരാകാമെന്ന
പ്രത്യാശ ഞങ്ങൾക്ക്
നല്കണമേ**

# Spirituality Centre Programme

## January

| | |
|---|---|
| 2-3 | Camp-Saintgits College |
| 4-6 | Retreat for Jubilarians |
| 7 | Social Animators&Jubilee Celebration |
| 9 | Bible Study Forum |
| 9-10 | Cenacle Gathering (Sodales&Aspirants) |
| 11-31 | A.O. General Councillors' Visit |
| 14 | School of Bible |
| 21 | Co-operatives' Meet |
| 28 | Recollection for Oblates |

## February

| | |
|---|---|
| 4 | Social Animators |
| 11 | School of Bible |
| 14 | Bible Study Forum |
| 14-15 | Cenacle Gathering (Sodales & Aspirants) |
| 18 | Recollection for Oblates |

RNI: KERMAL/2014/59983
Published on
24th December 2016

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും നാഥനുമായ
മിശിഹായേ, നിന്റെ മൗതികശരീരമായ തിരുസഭയിലൂടെ
ആവിഷ്കൃതനാകുന്ന നിന്നെ അനുഗമിക്കുവാനും ജീവിത
ത്തിലൂടെ അനേകരിലേക്ക് ആ വെളിച്ചം പകരുവാനും
ഞങ്ങളെ ശക്തരാക്കണമേ. ഈ ലോകത്തിൽ നിനക്കു
സാക്ഷ്യം വഹിച്ച സഹദാന്മാരുടെയും മല്പാന്മാരുടെയും
മരിച്ചുപോയ സകല വിശുദ്ധരുടെയും മാതൃക പിന്തുടർന്നു
കൊണ്ട് വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം നയി
ക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ"
(എന്താനാ, ദനഹാക്കാലം-വെള്ളി)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal